
**Ishal Paithrkam**
Issue-43, September 2025
journal home page: https://ojs.ishalpaithrkam.info



# Saints and Healing: Hagiographies and Healing Practices of Mappila Muslims in Colonial Malabar

**Shameerali Mankada**

Writings in praise of holy saints have existed across societies since ancient times. Such works, based on the life stories of saints or religiously revered persons, were often composed to praise their virtues and inspire devotion, sometimes overlooking their shortcomings. Many of these works also serve as historical sources describing the social conditions of their time. However, it is often found that such writings, which include various miraculous deeds of the saint concerned, also contain accounts of their experiences related to illness and treatment. Among the Mappila Muslims of Malabar, hagiographical works such as *Malapattus*, *Maulids*, *Madhhupattu*, and *Ratibs* were composed during pre-modern times. These texts gained prominence alongside the spread of Sufism in the region, documenting the miracles of holy saints or Sufi Sheikhs, especially their ability to cure diseases. Interestingly, these hagiographical works were often used as tools for treating illnesses, reflecting their integral role in the development of Popular Islam in Malabar. Emerging as part of the region's cultural symbiosis, they embody the fusion of religious and cultural elements in pre-modern Malabar. Earlier in Arabic, and since the 17th century, starting with the *Muhayiddheenmala*, the first Arabi-Malayalam work ever discovered, numerous hagiographies have been produced,

primarily chronicling the lives and miraculous deeds of Sufi saints. Stories of healing form a central category within these accounts. This tradition persisted through the centuries, including during the period of British colonialism in Malabar. Colonial sources, along with the prevailing social, cultural, and economic conditions, strongly suggest the recurrence of epidemics and diseases, which in turn gave rise to hagiographical works centred on illness, healing, and related themes. This paper examines how hagiographical works contribute to understanding healing practices among the Mappilas of Malabar, employing historiographical and ethnographic methods to analyse their role in shaping healing traditions from the pre-modern era through the colonial period.

**Keywords:** Mappila Muslims, Malabar, Hagiographies, Malappattus, Maulids, Madhhupattu, Rathib, Healing.

## Reference:

Abdul Razak, P.P. (2007). *Colonialism and Community Formation in Malabar: A Study of Muslims of Malabar*. [Unpublished doctoral dissertation]. University of Calicut.

Ashton, Gail. (2000). *The Generation of Identity in Late Medieval Hagiography*. Routledge, London.

Carlyle, Thomas. (1908). *On Heroes, Hero Worship and the Heroic in History.* JM Dent & Sons, London.

Cornish, W.R. (1871). *Cholera in South India: A Record: the Progress of Cholera in 1870*. Madras Government Gazetteer Press, 1871; Correspondence Files, C/170, Regional Archives Kozhikode.

Correa, Gasper. (1869). *The Three Voyages of Vasco de Gama and his Viceroyalty from the Lands of India* (H.E.J. Stanley, Trans.). Hakluyt Society. (Original work published in 1550).

Delehaye, Hippolyte. (1962). *The Legends of the Saints* (Donald Attawater, Trans.). Fordham university Press, New York.

Dijkstra, Jitse., & Van Dijk, Mathilde. (Eds.). (2006). *Egyptian Hagiography and the Medieval West*. Brill, Leiden.

Head, Thomas. (1990). *Hagiography and the Cult of Saints*. Cambridge University Press.

Hitti, Philip K. (1970). *History of the Arabs: From the Earliest Times to the Present*. Macmillan, London. First published in 1937.

Ho, Engseng. (2006). *The Graves of Tarim: Genealogy and Mobility across the Indian Ocean*. University of California Press.

Innes, C.A. (1951). *Malabar Gazetteer*, (F.B. Evans, ed.). Madras Government Press. Fist published in 1908.

Logan, William. (1951). *Malabar Manual*, vol 2. Government Press, Madras. First published in 1887.

Marwick, Arthur. (1989). *The Nature of History*. Macmillan, London. First published in 1970.

Meri, Josef W. (2002). *The Cult of Saints Among Muslims and Jews in Medieval Syria*. Oxford University Press.
Morris Augustine, Jonathan. (2005). *Buddhist Hagiography in Early Japan*. Routledge Curzon, London.
Palmer, James T. (2018). *Early Medieval Hagiography*. ARC Humanities Press, Leeds.
Randathani, Hussain. (2018). *Muslims of Malabar Society and Politics (1800-1921)*. B.R.Publishing Corporation, Delhi.
Renard, John. (2005). *Historical Dictionary of Sufism*. The Scarecrow Press, Maryland.
Rigo, Antonio. (Ed.). (2018). *Byzantine Hagiography: Texts, Themes and Projects*. Brepols Publishers, Turnhour.
Serjeant, R.B. (1957). *The Saiyids of Hadramawt*. University of London.
Yasser Arafath, P. (2011). *History of Medicine and Hygiene in Medieval Kerala 14th -16th Centuries*. [Unpublished Doctoral Dissertaion]. University of Hyderabad.
Yasser Arafath, P.K. (2020). Polyglossic Malabar: Arabi-Malayalam and Muhiyuddinmala in the Age of Transition (1600s-1750s). *Journal of the Royal Asiatic Socity* (JRAS), Series 3, 30, 3, 517-539.

**Shameerali Mankada**
Research Scholar
Department of Historical Studies
Thunchathezhuthachan Malayalam University
Tirur, India
Pin: 676502
Ph: +91 9745576957
Email: shameeralimankada@gmail.com
ORCiD: 0000-0002-3056-5243

E-ISSN:2582-550X

Ishal Paithrkam
Issue-43, September 2025
journal home page: https://ojs.ishalpaithrkam.info

# വിശുദ്ധന്മാരും രോഗശാന്തിയും: പുണ്യാത്മാക്കളുടെ പ്രകീർത്തനകൃതികളും മാപ്പിളമുസ്ലിങ്ങളുടെ ചികിത്സാ സമ്പ്രദായങ്ങളും കൊളോണിയൽ മലബാറിൽ

**ഷമീറലി മങ്കട**

പുണ്യാത്മാക്കളെ പ്രകീർത്തിച്ചുകൊണ്ടുള്ള രചനകൾ പുരാതനകാലം മുതലേ വ്യത്യസ്ത സമൂഹങ്ങൾക്കിടയിൽ നിലവിലുണ്ടായിരുന്നതാണ്. ഒരു സന്യാസിയോ മതപരമായി ആദരിക്കപ്പെടുന്ന വ്യക്തിയോ ആയ പുണ്യാത്മാക്കുളുടെ ജീവചരിത്രത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ടിട്ടുള്ള ഇത്തരം കൃതികൾ പലപ്പോഴും അവരുടെ സദ്ഗുണങ്ങളെ പുകഴ്ത്താനും ഭക്തിയെ പ്രചോദിപ്പിക്കാനും, ചിലപ്പോൾ അവരുടെ കുറവുകൾ അവഗണിക്കാനും വേണ്ടി രചിക്കപ്പെട്ടവയാണ്. പല കൃതികളും അക്കാലത്തെ സാമൂഹികാവസ്ഥകളെ കുറിക്കുന്ന ചരിത്രരചനാ സ്രോതസ്സുകൾ കൂടിയാണ്. എന്നാൽ ബന്ധപ്പെട്ട പുണ്യാത്മാവിന്റെ പല അദ്ഭുതപ്രവൃത്തികളും ഉൾപ്പെടുന്ന ഇത്തരം രചനകളിൽ അവരുടെ രോഗ-ചികിത്സ സംബന്ധിച്ച അനുഭവങ്ങളോ, അദ്ഭുതപ്രവൃത്തികളോ, കഥകളോ കൂടി ഉൾപ്പെട്ടുവരുന്നതായി കണ്ടുവരുന്നു. ഇത്തരത്തിൽ മലബാറിലെ മാപ്പിളമുസ്ലിങ്ങൾക്കിടയിൽ പൂർവ്വാധുനിക കാലം മുതൽ രചിക്കപ്പെട്ട പുണ്യാത്മാക്കളെ സംബന്ധിച്ച പ്രകീർത്തനകൃതികളാണ് മാലപ്പാട്ടുകൾ, മൗലിദുകൾ, മദ്ഹ് പാട്ടുകൾ, റാത്തീബ് മുതലായവ. സൂഫിസത്തിന്റെ ഭാഗമായി

പ്രചാരം ലഭിച്ച ഈ പ്രകീർത്തനകൃതികളിൽ വളരെയധികം അദ്ഭുതപ്രവൃത്തികളെ സംബന്ധിച്ച വിവരണങ്ങളുണ്ട്. അവയിൽ പുണ്യാത്മാവ്/ ശൈഖിന്റെ അദ്ഭുത രോഗ-ചികിത്സകളെ സംബന്ധിച്ചുള്ളവയും ഉൾപ്പെടുന്നു. കൂടാതെ, പ്രകീർത്തന കൃതികൾ പലപ്പോഴും രോഗ-ചികിത്സയ്ക്കായി ഉപയോഗിക്കപ്പെട്ടിരുന്നു എന്നതും പ്രധാനമാണ്. ഇത്തരം കൃതികളും അവയിലെ പ്രതിപാദ്യ വിഷയങ്ങളും, അവയിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള സാമൂഹിക, സാംസ്കാരിക ഘടകങ്ങളുമെല്ലാം വളർച്ച പ്രാപിച്ചത് മലബാറിലെ ജനകീയ ഇസ്ലാമിന്റെ ഭാഗമായിക്കൊണ്ടാണ് എന്ന വാദം പ്രബലമാണ്. മധ്യകാല മലബാറിലെ സാംസ്കാരിക സമന്വയത്തിന്റെ ഭാഗമായിട്ടുകൂടിയാണ് പുണ്യാത്മാക്കളെ പ്രകീർത്തിക്കുന്ന കൃതികൾ രചിക്കപ്പെടുന്നത്. കണ്ടെടുക്കപ്പെട്ടിട്ടുള്ള ആദ്യത്തെ അറബി-മലയാളം കൃതിയായ *മുഹയിദ്ദീൻമാല* മുതൽ ധാരാളം പ്രകീർത്തനകൃതികൾ മലബാറിൽ ലഭ്യമായിട്ടുണ്ട്. അറബി ഭാഷയിലും അറബി-മലയാളത്തിലുമായി രചിക്കപ്പെട്ട പ്രകീർത്തനകൃതികളിലെ മുഖ്യ പ്രതിപാദ്യ വിഷയം സൂഫി ശൈഖിന്റെ ജീവചരിത്രവും അദ്ഭുത പ്രവൃത്തികളുമാണ്. അദ്ഭുത പ്രവൃത്തികളിലെ ഒരു മുഖ്യ വിഭാഗമാണ് രോഗ-ചികിത്സ സംബന്ധിച്ച കഥകൾ. നരവംശശാസ്ത്ര രീതിശാസത്രത്തിന്റെ സഹായത്തോടെ ചരിത്രരചനാ സങ്കേതങ്ങളുപയോഗിച്ച് പൂർവ്വാധുനിക കാലം മുതലുള്ള മലബാറിലെ രോഗ-ചികിത്സയുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിന് പ്രകീർത്തനകൃതികൾ എങ്ങിനെ സഹായകരമാകുന്നു എന്നതിനെക്കുറിച്ചാണ് ഈ പഠനത്തിൽ പ്രധാനമായും ശ്രമിച്ചിട്ടുള്ളത്.

**താക്കോൽ വാക്കുകൾ:** മാപ്പിളമുസ്ലിങ്ങൾ, മലബാർ, പ്രകീർത്തന കൃതികൾ, മാലപ്പാട്ട്, മൗലിദുകൾ, മദ്ഹ്പാട്ട്, റാത്തീബ്, രോഗ-ചികിത്സ.

**ആമുഖം**

പുരാതനകാലം മുതൽ മനുഷ്യൻ രോഗ-ചികിത്സയെ വ്യത്യസ്ത രീതികളിലാണ് സമീപിച്ചത്. രോഗങ്ങൾ ദൈവത്തിന്റെ ശിക്ഷയായോ പരീക്ഷണമായോ പ്രകൃതിയുടെ കോപമായോ തുടങ്ങി പല രീതിയിലുമാണ് അവയെ കണ്ടത്. എഴുത്തും വായനയും പ്രചാരം നേടുന്നതോടെ മറ്റു പല കാര്യങ്ങളും രേഖപ്പെടുത്തുന്ന കൂട്ടത്തിൽ രോഗ-ചികിത്സകളെക്കുറിച്ചും രേഖപ്പെടുത്താൻ ആരംഭിച്ചു. പലപ്പോഴും ഇത്തരത്തിൽ നടത്തിയ

രേഖപ്പെടുത്തലുകളിലധികവും സമൂഹത്തിൽ അറിയപ്പെടുന്നതോ പ്രമുഖരോ ആയിട്ടുള്ള വിഭാഗങ്ങളിൽപ്പെട്ടവരുടേതായിരുന്നു എന്നതാണ് വസ്തുത. അതുകൊണ്ടുതന്നെ പുരാതനകാലം മുതൽ രചിക്കപ്പെട്ടതും ലഭ്യമായതുമായ പല രേഖകളുടെയും/ കൃതികളുടെയും മുഖ്യ ഇതിവൃത്തം പലപ്പോഴും സമൂഹത്തിലെ പുണ്യാത്മാക്കളെക്കുറിച്ചുള്ളവ കൂടിയായിരുന്നു. പുണ്യാത്മാവിന്റെ അദ്ഭുതകഥകളും ജീവിതവും പ്രതിപാധിക്കുന്ന അത്തരം കൃതികളിലെ ഒരു പ്രധാന പ്രമേയം അവർ അദ്ഭുതങ്ങളിലൂടെ ഭേദമാക്കിയ രോഗങ്ങളെക്കുറിച്ചും മറ്റ് അദ്ഭുത സിദ്ധികളെക്കുറിച്ചു മാണ് എന്നത് രോഗ-ചികിത്സ സംബന്ധിച്ച പഠനങ്ങളിൽ പ്രധാനമാണ്. ഇത്തരത്തിൽ മാപ്പിളമാർക്കിടയിലുണ്ടായിരുന്ന പുണ്യാതമാക്കളെക്കുറിച്ചുള്ള പ്രകീർത്തനകൃതികളായ മാലപ്പാട്ടു കൾ,[1] മൗലിദുകൾ,[2] മദ്ഹ്പാട്ടുകൾ,[3] റാത്തീബുകൾ[4] തുടങ്ങിയ രചനകളിൽ രോഗ-ചികിത്സയെ എങ്ങനെ രേഖപ്പെടുത്തിയിരിക്കു ന്നു എന്നത് പ്രതിപാദ്യകൃതിയുടെ/ ബന്ധപ്പെട്ട രചയിതാവിന്റെ കാലഘട്ടത്തെക്കുറിച്ച് പഠനം നടത്തുന്നതിനുള്ള ഒരു സ്രോതസ്സാ ണ്. എന്നാൽ അത്തരം കൃതികൾതന്നെ പലപ്പോഴും രോഗ ചികിത്സക്ക് വേണ്ടി ഉപയോഗിക്കപ്പെട്ടു എന്നതും പ്രാധാന്യ മർഹിക്കുന്നു.

എല്ലാ മനുഷ്യസമൂഹങ്ങളും ഏതെങ്കിലും തരത്തിലുള്ള സ്മരണ നിലനിർത്തി അവരുടെ സ്വന്തം ഭൂതകാലത്തോട്ഒരു മുൻതൂക്കം കാണിക്കുന്നു (Marwick, 1989, p. 2). അത്തരത്തിലുള്ള ഏത് സ്മരണയും എത്രകണ്ടു വിദൂരത്തിലായാലും ഒരു രചയിതാവിന് അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ കാര്യങ്ങൾ മാത്രമേ കാണാനും വിവരിക്കാനും കഴിയൂ (സങ്കാലിയ, 2018, പു. 22). പുണ്യാത്മാക്കളെ കുറിച്ചുള്ള രചനകളുടെ (Hagiography) ഉത്ഭവവും ഒരു പക്ഷേ ഈ വീക്ഷണങ്ങളിൽ നിന്നായിരിക്കാം ഉണ്ടായിട്ടുള്ളത്. മനുഷ്യൻ നിലനിൽക്കുന്ന കാലത്തോളം വീരാരാധനയും നിലനിൽക്കുന്നു (Carlyle, 1908, p. 19). എന്നാൽ പുണ്യാത്മാക്കളെ കുറിച്ചുള്ള രചനകൾ എപ്പോഴും ചരിത്രപരമായിരിക്കണം എന്നില്ല. അവ വിശ്വാസികളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ ഏത് സാഹിത്യരൂപവും സ്വീകരിക്കാം (Delehaye, 1962, p. 4). സംശയമില്ല, പുണ്യാത്മാക്കളെ കുറിച്ചുള്ള രചനകൾ ഒരു പാഠ-പ്രതിനിധാ നമാണ്, അത് അത്യന്തികമായി ഒരു സാംസ്കാരികവും ചരിത്രപരവുമായ നിർമ്മിതികൂടിയാണ് (Ashton, 2000, p. 2).

ഇത്തരം രചനകൾ ലോകത്തിന്റെ പല ഭാഗങ്ങളിലും പുരാതന കാലം മുതലേ നിലവിലുള്ളതാണ്.

പുണ്യാത്മാവിനെ സംബന്ധിച്ച പ്രകീർത്തനകൃതികളിലെ വിവരണങ്ങളിലുടനീളമുള്ള ജനകീയത, സാഹിത്യപരവും ചരിത്രപരവുമായ സത്യത്തിന്റെയും ഐതിഹ്യത്തിന്റെയും വിശ്വാസത്തിന്റെയും ആയ ഒരു *ചരിത്രവൽക്കരണം* പ്രതിഫലിപ്പിക്കുന്നു (Josef W. Meri, 2002, p. 118). എന്നാൽ അദ്ഭുത കഥകൾ രേഖപ്പെടുത്തുമ്പോൾ രചയിതാക്കൽ തങ്ങളുടെ സമുദായത്തിന്റെ വാങ്മയ പാരമ്പര്യത്തിന് പ്രാധാന്യം നൽകി (Thomas Head, 1990, p. 186). ഇത്തരത്തിൽ പ്രമാണീകൃത മതത്തിന്റെയും തദ്ദേശീയ സംസ്കാരത്തിന്റെയും കൂടിച്ചേരലുകളുടെ ഭാഗമായി വളർച്ച പ്രാപിച്ച സമന്വയ സംസ്കാരത്തെ പീറ്റർ ബ്രൗൺ വിളിച്ചത് ഇരട്ടശ്രേണി മാതൃക (Two-tiered model) എന്നാണ് (Peter Brown, 1981, p. 17-18). മാപ്പിളമാർക്കിടയിൽനിലവിലു ണ്ടായിരുന്ന പുണ്യപുരുഷന്മാരെ കുറിച്ചുള്ള പ്രകീർത്തനകൃതികളെ സംബന്ധിച്ച പഠനത്തിൽ ഈ സൈദ്ധാന്തിക അടിത്തറയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്.

മാപ്പിളമാർ രോഗ-ചികിത്സയ്ക്കായി പ്രകീർത്തനകൃതികൾ ഉപയോഗിച്ചിരുന്നു (മൊയ്തു മൗലവി, 2001, പു. 20-21). പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമുള്ള മുസ്ലിം പരിഷ്കർത്താക്കൾ പ്രകീർത്തനകൃതികൾക്ക് ഉണ്ടായിരുന്ന അമിതപ്രാധാന്യത്തെയും, അവയിലെ അദ്ഭുതകഥകളെയും വിമർശിച്ചവരാണ്[5] (Abdul Razak, 2007, pp. 114-126). എന്നാൽ കൊളോണിയൽ മലബാറിലെ മാപ്പിളമാരുടെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു പുണ്യാത്മാക്കളെ സംബന്ധിച്ച പ്രകീർത്തനകൃതികളും അവയുമായി ബന്ധപ്പെട്ട ചികിത്സാസമ്പ്രദായങ്ങളും എന്ന് വിശ്വസിച്ചവരായിരുന്നു ഭൂരിഭാഗം മാപ്പിളമാരും.[6] അത് പൂർവ്വാധുനിക കാലം മുതൽമാപ്പിളമാർക്കിടയിൽ പ്രചാരത്തിലുള്ള 'ജനകീയ ഇസ്ലാമി'ന്റെ (Popular Islam) ഭാഗമായാണെന്ന് കണക്കാക്കപ്പെടുന്നു.[7]

മധ്യകാല മലബാറിലെ സാംസ്കാരിക സമന്വയത്തിന്റെ ഭാഗമായി, മാപ്പിളമാരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്നചികിത്സാസമ്പ്രദായങ്ങൾക്ക് പുണ്യപുരുഷന്മാരുമായും ബന്ധമുണ്ടായിരുന്നു (Arafath, 2011, p. 118-119). *മനാഖിബ്* എന്ന പേരിലറിയപ്പെടുന്നഇത്തരം പ്രകീർത്തനകൃതികൾ പാരായണം

ചെയ്യുന്നത് ദു:ഖങ്ങളെയും രോഗങ്ങളെയും അകറ്റുമെന്നും സമൃദ്ധിയും രോഗശമനവും പ്രദാനം ചെയ്യുമെന്നും മാപ്പിളമാർ വിശ്വസിച്ചു പോന്നിരുന്നു (എം. നിസാർ, 2017, പു. 104).

മാപ്പിളമാർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന പ്രകീർത്തനകൃതികളെ സംബന്ധിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും രോഗ-ചിക്തിസയുമായി അവയ്ക്കുള്ള ബന്ധം സംബന്ധിച്ച ആധികാരിക പഠനങ്ങളൊന്നും നിലവിലില്ലാത്തതാണ്. അതിനുള്ള ഒരു പ്രധാന കാരണം എന്നുള്ളത്, അത്തരം കൃതികൾ ബന്ധപ്പെട്ടുകിടക്കുന്നത് മതപരമായ വിശ്വാസത്തിലധിഷ്ഠിതമാണ് എന്നതുകൊണ്ടാണ് എന്ന് അനുമാനിക്കാവുന്നതാണ്. എന്നാൽ ചരിത്രപരമായും, നരവംശശാസ്ത്രപരമായും പ്രകീർത്തന കൃതികളുമായി ബന്ധപ്പെട്ട രോഗശാന്തി സമ്പ്രദായങ്ങളെക്കുറിച്ചുള്ള പഠനത്തിന്റെ പരിണിതഫലം കൊളോണിയൽ കാലഘട്ടത്തിലെ മാപ്പിളമാരുടെ രോഗ-ചികിത്സാസമ്പ്രദായങ്ങൾ എങ്ങിനെയായിരുന്നു എന്ന് മനസ്സിലാക്കുന്നതിനുള്ള വാതായനമാണ്.

**പൂർവ്വാധുനിക മലബാറിലെ മാപ്പിളമുസ്ലിം സാംസ്കാരിക പശ്ചാത്തലം**

പുരാതനകാലം മുതലുള്ള ഇന്ത്യാസമുദ്രലോകവ്യവസ്ഥയുടെ ഭാഗമായി മധ്യകാല കേരളത്തിൽ രൂപംകൊണ്ട ഒരു പരസ്പരാശ്രിത സാമൂഹ്യഘടനയുടെ ഭാഗമായി വളർന്നുവന്ന വിഭാഗമാണ് മാപ്പിളമുസ്ലിങ്ങൾ. ഇസ്ലാമിക ദേശങ്ങളിൽ നിന്നുള്ള സൂഫി സന്യാസിമാരുടെ മലബാറിലേക്കുള്ള പ്രയാണങ്ങൾ ഈ സാംസ്കാരിക സമന്വയത്തെ സമ്പുഷ്ടമാക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായി മാപ്പിളമാരുടെ ഇടയിൽ സാംസ്കാരിക സമന്വയത്തിലൂന്നിയ വ്യത്യസ്ത ചികിത്സാസമ്പ്രദായങ്ങൾ ഉടലെടുത്തു. കേരളത്തിൽ തങ്ങന്മാർ എന്നറിയപ്പെടുന്ന സയ്യിദുകൾ ഹദർമൗത്തിൽ നിന്നും കുടിയേറിയവരാണ്. സി ഇ 14-ഉം 15-ഉം നൂറ്റാണ്ടുകളിലാണ് അവർ ഇന്ത്യയിലേക്ക് കുടിയേറുന്നത് (Serjeant, 1957, p. 46). ഈ സയ്യിദുകൾ ഗോത്രങ്ങളായും വ്യത്യസ്ത പേരുകളിൽ അറിയപ്പെട്ടിരുന്ന കുടുംബങ്ങളിലുമായാണ് ജീവിച്ചിരുന്നത്. ഇസ്ലാം മത പ്രചാരണത്തിനായി നാൽപതിലധികം സയ്യിദ് ഗോത്ര കുടുംബങ്ങളിലുള്ളവർ മലബാറിലേക്ക് വന്നിട്ടുണ്ട്. ഈ കുടുംബങ്ങളിൽ ഭൂരിഭാഗവും ഏതെങ്കിലുമൊരു സൂഫി

മാർഗവുമായി (ത്വരീഖ) ബന്ധപ്പെട്ടവരും ആത്മീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തവരായിരുന്നു (Hussain, 2018, p. 40).

മധ്യകാലഘട്ടത്തിൽ കോഴിക്കോട് സാമൂതിരിമാരുടെ രാജകീയ രക്ഷാകർതൃത്വം ഈ മുസ്ലിം മതവിഭാഗങ്ങളെയെല്ലാം മലബാറിലേക്ക് കുടിയേറുന്നതിന് സഹായകരമായി (Zainuddin Makhdum, 2005, p. 35). എന്നാൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, മലബാർ തീരത്തേക്കുള്ള പോർച്ചുഗീസുകാരുടെ കടന്നുകയറ്റം മലബാറിലെ മുസ്ലിങ്ങളും പോർച്ചുഗീസുകാരും തമ്മിലുള്ള ദീർഘകാല ഏറ്റുമുട്ടലുകളിലേക്ക് നയിച്ചു. ഇത് മലബാറിലെ സൂഫിസത്തിന്റെ വികാസത്തെ മറ്റൊരു രീതിയിലാണ് സഹായിച്ചത്. ഇവിടെയാണ് സൂഫിസത്തിലെ പുണ്യാത്മാക്കളെ ആദരിക്കലും മാപ്പിള-പോർച്ചുഗീസ് ഏറ്റുമുട്ടലുകളിലെ രക്തസാക്ഷികളോടുള്ള വീരാരാധനയും തമ്മിലുള്ള ബന്ധം നമുക്ക് കൂട്ടിയോജിപ്പിക്കാൻ കഴിയുന്നത്.

പോർച്ചുഗീസുകാരുമായുള്ള മാപ്പിളമാരുടെ ഏറ്റുമുട്ടലുകളുടെ ആത്യന്തിക ഫലം എന്നുള്ളത് സാമ്പത്തിക അധഃപതനം, ഹിന്ദുക്കളിൽ നിന്നുള്ള അകൽച്ച, ക്രിസ്ത്യാനികളോടുള്ള വിദ്വേഷം എന്നിവക്കു പുറമെ, ശൈഖ് സൈനുദ്ദീനും ഖാദി മുഹമ്മദും മറ്റുള്ളവരും അഭിപ്രായപ്പെട്ടതുപോലെ ഒരു പുതിയ ആക്രമണോത്സുകതയും വളർന്നുവന്നു. അവർ ചെറുകിട കച്ചവടത്തിലേക്ക് മാത്രമായി ഒതുക്കപ്പെട്ടു. ഇതിന്റെ ഫലമായി മലബാറിന്റെ ഉൾഭാഗങ്ങളിലേക്ക് കുടിയേറപ്പെട്ട മാപ്പിളമാർക്ക് അവിടെയുള്ള പരമ്പരാഗത ഭൂബന്ധങ്ങളുമായി ഇഴുകിച്ചേരാൻ സാധിച്ചില്ല. തത്ഫലമായി അവർ താഴ്ന്ന ജാതിയിൽപെട്ട ഭൂരഹിതരായ തൊഴിലാളികളുടെ തൊഴിലെടുക്കേണ്ടി വന്നു, അല്ലെങ്കിൽ അവർ അടിമപ്പണി എടുക്കേണ്ടവരോ പാവപ്പെട്ട മത്സ്യത്തൊഴിലാളികളോ ആയിത്തീർന്നു. ഇതായിരുന്നു അവരുടെ ദാരിദ്ര്യത്തിന്റെയും, അവഗണനയുടെയും ഉൾവലിയലിന്റെയും തുടക്കം (Kunhali, 2004, p. 58-59). അത് മലബാറിലുടനീളം *ത്വൈഫ* (Taifa) പ്രവർത്തനങ്ങൾ കൂടുതൽ കർക്കശമാക്കുന്നതിലേക്ക് നയിച്ചു.[8] മലബാറിലും ഈ കാലഘട്ടത്തിലെ, അതായത് ത്വൈഫ ഘട്ടത്തിലെ സൂഫിസത്തിന്റെ എല്ലാ പ്രത്യേകതകളും കാണാവുന്നതാണ് (Kunhali, 2004, pp. 58-59 & ഹുസൈൻ, 2007, പു. 67). ഈയൊരു ഘട്ടത്തിലാണ് പുണ്യാത്മാക്കളെ സംബന്ധിച്ച പ്രകീർത്തനകൃതികൾ മാപ്പിളമാർക്കിടയിൽ വ്യാപകമാവുന്നത്.

**പുണ്യാത്മാക്കളെ കുറിച്ചുള്ള പ്രകീർത്തനകൃതികളും മാപ്പിള മാരും**

സി.ഇ. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ മലബാറിൽ വെച്ച് അറബി ഭാഷയിലും, അറബി-മലയാളത്തിലുമായി രചിക്കപ്പെട്ട ചില കൃതികളുടെ പൊതു സ്വഭാവത്തെക്കുറിച്ച് ഈയൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം അന്വേഷണം നടത്തേണ്ടത്. സൈനുദ്ദീൻ മഖ്ദൂം കബീർ (സി.ഇ. 1467- 1522) അറബി ഭാഷയിൽ രചിച്ച *ഹിദായത്തുൽ അദ്കിയ ഇലാ ത്വരീഖത്തുൽ ഔലിയ* (പുണ്യപുരുഷന്മാരുടെ മാർഗത്തിലേക്ക് ബുദ്ധിയുള്ളവർക്കുള്ള മാർഗനിർദേശങ്ങൾ), *തുഹ്ഫത്തുൽ ഹിബ്യാൻ* (സ്നേഹിതർക്കുള്ള സമ്മാനം), *തഹ്രീളു അഹ്ലിൽ ഈമാൻ* (വിശ്വാസികൾക്കുള്ള ഉണർത്തൽ), ഷെയ്ഖ് സൈനുദ്ദീൻ (മഖ്ദൂം രണ്ടാമൻ) അറബി ഭാഷയിൽ രചിച്ച *തുഹ്ഫത്തുൽ മുജാഹിദീൻ* (പോരാളികൾക്കുള്ള സമ്മാനം), *മൻഖൂസ് മൗലിദ്* (പ്രകീർത്തന സംഗ്രഹം), ഖാദി മുഹമ്മദ് അറബി ഭാഷയിൽ രചിച്ച *ഫത്ഹുൽ മുഈൻ*, അറബി-മലയാളത്തിൽ രചിച്ച *മുഹയുദ്ദീൻമാല* തുടങ്ങിയ കൃതികളിലെല്ലാം സൂഫിസത്തിന്റെ അംശങ്ങൾ കാണാവുന്നതാണ്. *ഹിദായത്തുൽ അദ്കിയ ഇലാ ത്വരീഖത്തുൽ ഔലിയ* എന്ന ഗ്രന്ഥം കേരളത്തിലെ സൂഫിസത്തിന്റെ ജീവിതരേഖയാണ് (Kunhali, 2004, pp. 62-63). അതേപോലെത്തന്നെ സി.ഇ. 1607-ൽ ഖാദി മുഹമ്മദ് അറബി-മലയാളത്തിൽ രചിച്ച *മുഹയുദ്ദീൻമാല* അറിയപ്പെടുന്നത് മലബാറിലെ ജനകീയ ഇസ്ലാമിന്റെ കൈപ്പുസ്തകമായാണ് (Kunhali, 2004, pp. 62-63).

പല സമുദായങ്ങളിലും പല കാലഘട്ടങ്ങളിലായി തങ്ങളുടെ കാലത്തെ പുണ്യാത്മാവിനെ ആ കാലഘട്ടത്തിൽ തന്നെയോ പിന്നീടോ മഹത്വവൽക്കരിച്ചുകൊണ്ടുള്ള രചനകൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ മധ്യകാല ഇസ്ലാമിക സമൂഹത്തിൽ ഇത്തരം രചനകൾ വിപുലമായിത്തീരുന്നതും പ്രചാരം ലഭിക്കുന്നതും സൂഫിസത്തിന്റെ വികാസത്തോടെയാണ്. ഇസ്ലാമിക ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ട സൂഫി വിഭാഗങ്ങൾ, അവരുടെ ജീവിതത്തിൽ നിന്നും സംഭാഷണങ്ങളിൽ നിന്നുമുള്ള കഥകളാണ് ഇസ്ലാമിലെ പുണ്യാത്മാക്കളെക്കുറിച്ചുള്ള രചനകൾക്ക് അടിസ്ഥാനം (Attar, 2000, p. Xi).

ഇറാക്കിലെ കൂഫ, ബസറ എന്നിവിടങ്ങളിൽ ഉണ്ടായിട്ടുള്ള സുന്നി - ശിയാ രാഷ്ട്രീയ സംഘർഷങ്ങളുടെ ഫലമായാണ് എ.ഡി.

പത്താം നൂറ്റാണ്ടോടെ സൂഫിപാത പിന്തുടർന്നിരുന്ന പ്രവാചക കുടുംബക്കാർ (സയ്യിദുകൾ) എന്നവകാശപ്പെടുന്നവരിലെ ചില വിഭാഗങ്ങൾ അറേബ്യൻ ഉപദ്വീപിന്റെ തെക്കേ അറ്റമായ യെമനിലേക്ക് കുടിയേറുന്നത്.[9] അവർ തങ്ങളുടെ വംശപാരമ്പര്യത്തിന്റെ കുടുംബ രേഖകൾ കണിശമായ സൂക്ഷ്മതയോടെ കുറിച്ചുവെച്ചു. പല കുടുംബങ്ങളിലും നിരവധി വാല്യങ്ങളിൽ അവ രേഖപ്പെടുത്തിയിരുന്നു (Serjeant, 1957, p. 11 & Engseng Ho, 2006, p. 78). കുടുംബത്തിലെ പ്രബലരും ജ്ഞാനികളുമായ വ്യക്തികളുടെ ജീവിതം പദ്യ-ഗദ്യ മാതിരി ചമയ്ക്കുകയും, ചില പ്രത്യേക അവസരങ്ങളിൽ ആലപിക്കുകയും പ്രകീർത്തിക്കുകയും ചെയ്തിരുന്ന ഇത്തരം സവിശേഷകൃതികൾ അറിയപ്പെട്ടിരുന്നത് *മനാഖിബ്* (Hagiography/ പുണ്യാത്മാവിനെക്കുറിച്ചുള്ള രചന) എന്നാണ് (നിസാർ, 2017, പു. 104). അവയിലെല്ലാം വംശപരമ്പരയുടെ ആദ്യത്തെ കണ്ണി പ്രവാചകൻ മുഹമ്മദിൽ എത്തിച്ചേരുന്നു (Serjeant, 1957, p. 12). പതിമൂന്നാം നൂറ്റാണ്ടോടെയുള്ള കിഴക്കൻ/ തെക്കുകിഴക്കൻ ഏഷ്യയിലേക്ക് ആരംഭിച്ച അവരുടെ പ്രയാണത്തിന്റെ ആദ്യ ലക്ഷ്യസ്ഥാനം ഇന്ത്യയായിരുന്നു. അങ്ങിനെയവർ ഇന്ത്യയുടെ പലഭാഗങ്ങളിലും സ്ഥിരതാമസമാരംഭിച്ചു. അതുകൊണ്ടുതന്നെ മാപ്പിളമാരുടെ സാംസ്കാരിക അടിത്തറ തെക്കേ അറേബ്യയിലെ യെമൻ, ഒമാൻ എന്നിവിടങ്ങളിലെയും മലബാറിലെ തദ്ദേശീയ ജനവിഭാഗങ്ങളിൽ ഇസ്ലാംമതം സ്വീകരിച്ചവരുടെയും സാമൂഹിക, സാംസ്കാരിക കൂടിച്ചേരലുകളും അത് 'ജനകീയ ഇസ്ലാമി'ന്റെ ഭാഗവുമാണ് (Abdul Razak, 2007, p. 18).

വിശുദ്ധ വ്യക്തികളെക്കുറിച്ചുള്ള രചനകൾ, അദ്ഭുതങ്ങളുടെയും, മാന്ത്രികതയുടെയും ഘടകങ്ങൾ ഉൾപ്പെടുത്തി കേവലം മനുഷ്യർക്ക് അപ്പുറം അതിന്റെ വിഷയങ്ങൾ വെളിപ്പെടുത്താനുള്ള പ്രവണത കാരണമായി അവ ആധുനികാർത്ഥത്തിലുള്ള ചരിത്രംഎന്നതിൽ നിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു (John Renard, 2005, p. 101). മാത്രമല്ല പുണ്യാത്മാവിന്റെ ചരിത്രം എന്ന് ഒരു രചനയെ വിളിക്കണമെങ്കിൽ അത് രചിക്കപ്പെട്ടിട്ടുള്ളത് കർശനമായും മതപരമായ സ്വഭാവത്തിലും പരിഷ്ക്കരണം ലക്ഷ്യമിട്ടുള്ളതുമായിരിക്കണം (Delehaye, 1962, p. 3). അപ്പോൾ ഈ പദംവിശുദ്ധന്മാരോടുള്ള മതപരമായ ഭക്തിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ആ ഭക്തി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ള രചനകളിൽ ഒതുങ്ങണം. അത്തരത്തിൽ മധ്യകാലഘട്ടം മുതൽ മാപ്പി

ളമാരുടെ ഇടയിൽ രചിക്കപ്പെട്ടതോ വാമൊഴിയായോ കൈമാറ്റം ചെയ്യപ്പെട്ട പ്രധാനപ്പെട്ട പുണ്യാത്മാക്കളെക്കുറിച്ച രചനാ വിഭാഗങ്ങളാണ് മാലപ്പാട്ടുകൾ, മൗലീദുകൾ, മദ്ഹ് പാട്ടുകൾ, റാത്തീബുകൾ മുതലായവ.

*മനാഖിബ്* (Hagiography) എന്നറിയപ്പെട്ട ഈ സാഹിത്യവിഭാഗത്തെ സാധാരണ രണ്ടായി തരം തിരിക്കാവുന്നതാണ്. ആദ്യത്തെ വിഭാഗത്തിൽ, പ്രവാചകൻ മുഹമ്മദ്, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ, അനുചരന്മാർ എന്നിവരെക്കുറിച്ചുള്ള രചനകളും രണ്ടാമത്തെ വിഭാഗത്തിൽ സൂഫി ശൈഖുമാർ, സൂഫികളടക്കമുള്ള ഔലിയാക്കൾ (Friends of God) എന്നിവരെക്കുറിച്ചുള്ള രചനകളും ആണ് ഉൾപ്പെടുത്തിവരുന്നത്(എം. നിസാർ, 2017, പു. 105). *മനാഖിബ്* സാഹിത്യത്തിൽ പൊതുവെ സൂഫി സന്യാസിമാരുടെ അദ്ഭുതസിദ്ധികളെക്കുറിച്ച് (Karamaths - wonders/ legends/ magical powers) പ്രാധാന്യത്തോടെ വിവരിച്ചിട്ടുള്ളതായി കാണാം. അത് സൂഫികളോടുള്ള അതിരുകളില്ലാത്ത ബഹുമാനം കാരണമായിരുന്നു. എന്നാൽ ഇത്തരം കൃതികളിൽ ഉണ്ടായിരുന്ന എല്ലാ ചരിത്രപരമായ അംശങ്ങളും പിന്നീട് പല മാറ്റിത്തിരുത്തലുകൾക്കും വിധേയമായിത്തീരുകയും അവിടെ അദ്ഭുതസിദ്ധികൾക്ക് പ്രാധാന്യം കൈവരികയും ചെയ്തു (Kunhali, 2004, p. 63).

## മാപ്പിളമാരുടെ പുണ്യാത്മാക്കളെക്കുറിച്ചുള്ള പ്രകീർത്തന കൃതികളും രോഗ-ചികിത്സയും

മാപ്പിളമാരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന പ്രകീർത്തനകൃതിളെ രണ്ടു തരത്തിൽ ചികിത്സാസമ്പ്രദായങ്ങളുമായി ബന്ധിപ്പിക്കാവുന്നതാണ്. ആദ്യത്തേത്, ഇത്തരം കൃതികളെത്തന്നെ ചികിത്സയ്ക്കായി ഉപയോഗിച്ചിരുന്നു എന്നത്. രണ്ടാമത്തേത്, പൂർവ്വാധുനിക കാലം മുതൽ പ്രചാരത്തിലുണ്ടായിരുന്ന വ്യത്യസ്ത ചികിത്സാരീതികളെക്കുറിച്ച് മനസ്സിലാക്കുന്നതുള്ള സ്രോതസ്സുകൾ എന്ന നിലക്കും. രണ്ടു തരത്തിലായാലും പ്രകീർത്തനകൃതികൾ വളരെയധികം പ്രാധാന്യമർഹിക്കുന്നു.

### 1. മാലപ്പാട്ടുകളും രോഗ-ചികിത്സയും:

പുണ്യാത്മാക്കളുടെ ജീവചരിത്രങ്ങളാണ് മാലപ്പാട്ടുകളിൽ അടങ്ങിയിട്ടുള്ളത് (ഹസൻ, 2012, പു. 74). മാലപ്പാട്ട് ഗണത്തിൽ, അറബി-മലയാള ലിപിയിൽ രചിക്കപ്പെട്ട/ ലഭ്യമായ ഏറ്റവും ആദ്യത്തെ കൃതി സി.ഇ. 1607 ൽ ഖാസി മുഹമ്മദിനാൽ (ഖാളി മുഹമ്മദ് ബ്നു അബ്ദുൽ അസീസ്) വിരചിതമായ *മുഹയിദ്ദീൻമാല*

യാണ്. ഇറാനിലെ ജീലാൻ എന്ന സ്ഥലത്ത് പതിനൊന്ന് - പന്ത്രണ്ട് നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന (സി.ഇ. 1077-1166) സൂഫി ശൈഖ് ആയിരുന്ന മുഹയദ്ദീൻ അബ്ദുൽ ഖാദിർ ജീലാനിയെക്കുറിച്ച രചനയാണിത്. *മുഹയിദ്ദീൻമാല*യെപ്പോലെത്തന്നെ നിരവധി മാലകളും മൗലീദുകളും സമാഹരിക്കപ്പെട്ട ഗ്രന്ഥങ്ങൾ ഇന്നും മലബാറിൽ പ്രചാരത്തിലുണ്ട്. ഇത്തരം കൃതികൾ ആധുനികപൂർവ്വ കാലഘട്ടം മുതൽ മലബാറിൽ വാമൊഴിയായി പ്രചാരത്തിലുണ്ടായിരുന്നതും പിന്നീട് അറബി-മലയാള അച്ചുകൂടങ്ങൾ സ്ഥാപിക്കപ്പെട്ടപ്പോൾ ഗ്രന്ഥരൂപത്തിലാക്കപ്പെട്ടവയുമാണ്.[10] മാത്രവുമല്ല, ഇവയിലുള്ള പല രചനകളുടേയും കാലനിർണ്ണയം, രചിച്ച വ്യക്തികൾ തുടങ്ങിയ വിവരങ്ങൾ ലഭ്യവുമല്ല. *മുഹയിദ്ദീൻമാല*ക്കു പുറമെ മലബാറിൽ ലഭ്യമായിരുന്ന മാലപ്പാട്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ടവയായിരുന്നു *രിഫാഇമാല*,[11] *നഫീസത്ത്മാല*,[12] *ശാദിലിമാല*,[13] *കുഞ്ഞിമരക്കാർമാല*,[14] *മഞ്ഞക്കുളംമാല*,[15] *ഫരീദ്മാല*,[16] *അജ്മീർമാല*[17] മുതലായവ. ഈ കൃതികൾക്കെല്ലാം മാപ്പിളമാർക്കിടയിൽ അതിയായ പ്രാധാന്യം ഉണ്ടായിരുന്നു. രോഗം, ദു:ഖം മുതലായവയുടെ ശമനത്തേയും ആപത്രക്ഷയേയും ഉദ്ദേശിച്ചുകൊണ്ടു മാലപ്പാട്ടുകൾ പാടിവരുന്നു. വൃത്തിയുള്ള സ്ഥലത്തുവെച്ചു ഭക്തിനിർഭരമായ അന്തരീക്ഷത്തിലാണ് മാലപ്പാട്ടുകൾ പാടാറുള്ളത് (അബു, 1970, പു. 62).

ഒരു കാലത്ത് കേരള മുസ്ലിം ഗൃഹങ്ങളിൽ ഭക്തിപൂർവ്വം പാരായണം ചെയ്യപ്പെട്ടിരുന്ന ഒരു കൃതിയാണ് *മുഹയിദ്ദീൻമാല*. ആ കാലഘട്ടത്തിലെ സമൂഹം *മുഹയിദ്ദീൻമാല*യ്ക്ക് ദൈവിക ഗ്രന്ഥത്തേക്കാൾ (വിശുദ്ധ *ഖുർആൻ*) പ്രാധാന്യം നൽകി. അതുകൊണ്ടുതന്നെ ഈ കൃതി പ്രസിദ്ധി നേടി (ഹസൻ, 2012, പു. 74-75). ത്വരീഖത്ത് പ്രസ്ഥാനം (സൂഫിസം) സജീവമായി നിലനിന്നിരുന്ന കാലത്താണ് ഖാദിരീ ത്വരീഖത്തിന്റെ പ്രചാരകനായിരുന്ന ഖാദി മുഹമ്മദ് ഈ മാല രചിച്ചത് (ഹസൻ, 2012, പു. 76). *മുഹയിദ്ദീൻമാല* പാരായണം ചെയ്താൽ എല്ലാ തരത്തിലുള്ള ദുരിതങ്ങളിൽ നിന്നും മോചനം ലഭിക്കുമെന്നു കണക്കാക്കപ്പെട്ടിരുന്നു (Hussain, 2018, p. 40). *മുഹയിദ്ദീൻമാല*യെപ്പറ്റി കോഴിക്കോട് ഖാസിയായിരുന്ന അബൂബക്കർ കുഞ്ഞി (മരണം 1884-ൽ) പ്രസ്താവിച്ചത്, സയ്യിദ് അബ്ദുൽ ഖാദിർ ജീലാനി തങ്ങളുടെ ഫളായിലിലും (ഗുണങ്ങൾ) മനാഖിബിലും (സവിശേഷതകൾ) നിന്നും കുറെ അറിവില്ലാത്തവർക്ക് അറിയേണ്ടതിന്നും അവരുടെ ബർക്കത്തിനെ (അനുഗ്രഹം) എത്തിക്കേണ്ട

തിന്നും അവരെക്കൊണ്ടു ജയം സമ്പാദിക്കേണ്ടതിന്നും വേണ്ടി ഖാസി മുഹമ്മദ് ബ്നു അബ്ദുൽ അസീസ് എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ക്രമത്തിൽ മനാഖിബുകളെച്ചേർത്ത് പാട്ടാക്കുകയും അതിന്ന് *മുഹയിദ്ദീൻമാല* എന്ന് പേർ വിളിക്കുകയും ചെയ്തിരിക്കുന്നുഎന്നാണ്(അഹമ്മദ് മൗലവി & അബ്ദുൽ കരീം, 1978, പു. 152).

*മുഹയിദ്ദീൻമാല*യിലെ ചില പരാമർശങ്ങൾ കാണുക, 'കുറവുള്ള ഫയ്തലെ (കുട്ടിയെ) നന്നാക്കയും ചെയ്തു, കുറവില്ലാഫയ്ദലെ കുറവാക്കി വിട്ടോവർ, ചത്തെചകത്തിനെ (ശവത്തിനെ) ജീവൻ ഇടീച്ചോവർ, ചാകും കിലശത്തെ (മരണകാരണമാകുന്ന രോഗത്തെ/ ക്ലേശത്തെ) നന്നാക്കി വിട്ടോവർ, .... യെന്നോടു തേടുവിൻ വേണ്ടന്നതെഫ്ഫേരും (വേണ്ടുന്നതെപ്പോഴും), യെന്നാരെ തേടിയതെല്ലാം കൊടുത്തോവർ, ... ഉണർച്ചയിൽ ഉണ്ടാവാൻ ഫോകുന്നെ (പോകുന്ന) ദോശത്തെ, ഉറക്കെക്കിനാവാക്കി (സ്വപ്നമാക്കി) കാട്ടിക്കളഞ്ഞോവർ (മാറ്റിക്കളഞ്ഞവർ)' (333 വക മൗലിദ് കിതാബ്, പു. 266-270). ഇത്തരത്തിൽ സൗഖ്യം, ആരോഗ്യം, അനുഗ്രഹം തുടങ്ങിയവ യുമായി ശൈഖിനെ ബന്ധിപ്പിച്ച ധാരാളം പരാമർശങ്ങൾ ഈ മാലപ്പാട്ടിലുണ്ട്. ജനങ്ങൾ പലതരത്തിലുള്ള പ്രയാസങ്ങൾ അനുഭവിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് ഈ കൃതി രചിക്കപ്പെട്ടതെന്നും[18] മേൽ പ്രസാതാവിച്ചതുപോലെ, ശൈഖിന്റെ അനുഗ്രഹം ലഭിക്കുന്നതിനാണ് ഇത് രചിക്കപ്പെട്ടത് എന്ന വ്യാഖ്യാനവും, ദുരിതങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും മുക്തി നേടുന്നതിന് വിശ്വാസികൾ ഈ കൃതിയെ ആശ്രയിച്ചിരുന്നു എന്നതും രോഗ-ചികിത്സയുമായി ബന്ധപ്പെട്ട് പ്രാധാന്യമർഹി ക്കുന്നു.

ഖാദിരീ ത്വരീഖത്തിനോട് (ഒരു സൂഫി മാർഗം) മാത്സര്യം വെച്ച് പുലർത്തിയ രിഫാഇ ത്വരീഖത്തുകാരനെഴുതിയ കൃതിയാണ് *രിഫാഇമാല* എന്നും *മുഹയിദ്ദീൻമാല*യിലെ അവകാശവാദങ്ങളേ ക്കാൾ ഉയർന്നുനിൽക്കാനുള്ള ശ്രമം ഇതിലെ വരികളിൽ നമുക്ക് കാണാമെന്നും ഹസൻ നെടിയനാട് അഭിപ്രായപ്പെടുന്നു (ഹസൻ, 2012, പു. 76). *രിഫാഇമാല* ചൊല്ലിയാൽ വിഷജീവികളുടെ തീണ്ടലിൽ നിന്നും തീപ്പൊള്ളലിൽ നിന്നും രക്ഷകിട്ടുമെന്നും, സുഖപ്രസവ ത്തിനും സ്ത്രീ രോഗങ്ങൾക്കും *നഫീസത്ത്മാല* ചൊല്ലിയാൽ മതിയെന്നും കണക്കാക്കപ്പെട്ടിരുന്നു (Hussain, 2018, p. 40). *രിഫാഇമാല*യിലെ ചില വരികൾ കാണുക, 'ആരുണ്ട് അത്

എന്നോട് ഹാജത്ത് (ആഗ്രഹം) തേടുവാൻ, ഹാജത്ത് അവർക്ക് ഞാൻ വീട്ടും അതെന്നോവർ, ... എന്നോട് ഒരുത്തർ പിരിഷം (ഇഷ്ടം) വെച്ചെങ്കിൽ, ഏറ്റം പിരിഷം ഞാൻ വെക്കും അതെന്നോവർ, ... കുഷ്ഠവ്യാധിയും വെള്ളപ്പാണ്ടും ഒക്കെയും, കരുതി ഒന്ന് നോക്കിയാൽ ശിഫയാകും (രോഗശമനം) എന്നോവർ, ചത്തചകതത്തിനെ (ശവത്തിനെ) ജീവനിടീച്ചോവർ, ചാർച്ച (ബന്ധം) മുടിഞ്ഞോരെ ചേർത്തി അയച്ചോവർ, ... എന്റെ മുരീദെ (ശിഷ്യൻ/ അനുയായി) പെരുമ്പാമ്പ് തീണ്ടുകിൽ, എന്നും വിഷമില്ല എന്ന് പറഞ്ഞോവർ' (333 വക മൗലിദ് കിതാബ്, പു. 274-283). ഇത്തരത്തിൽ ശൈഖിനാൽ ലഭിക്കുന്ന രോഗശമനം, ആരോഗ്യം എന്നിവയെക്കുറിച്ചുള്ള ധാരാളം പരാമർശങ്ങൾ ഈ മാലപ്പാട്ടിലും കാണാവുന്നതാണ്.

സുഖപ്രസവം ലഭിക്കാൻ സ്ത്രീകൾ *നഫീസത്ത്മാല* ചൊല്ലൽ ഒരു ചികിത്സയായിരുന്നു (മൊയ്തീൻ സുല്ലമി, 04 ഫെബ്രു. 2022, പു. 37). മലബാർ മുസ്ലിം സ്ത്രീകൾ പ്രസവ വേദനകൊണ്ട് പിടയുമ്പോൾ സുഖപ്രസവത്തിന് നേർച്ചയാക്കി പാടിയിരുന്നത് *നഫീസത്ത്മാല*യായിരുന്നു (ഹസൻ, 2012, പു. 79). *നഫീസത്ത്മാല*യിലെ പരാമർശം കാണുക, 'ജിഗവരാം ശാഫീഈ ഇമാം എപ്പോഴും അടുത്തേ, ചെയ്തിടീക്കും തേട്ടം ഹദീസേറയാൽ ധരിത്തേ, മികവരിൽ ദീനം വിക്കുൽ ബീവിയോർ ഇടത്തെ, ബിട്ടിടും ആളെ ഷിഫാക്ക് തേട്ടമിൻ ഇടത്തേ, സുഖമിനായി റബ്ബിനോട് തേടിടും ബീ സത്തേ, സൂക്ഷമിൽ ഷിഫാ ഉടയോൻ നൽകിയും ക്ഷണത്തെ, എന്നപോലെ തങ്ങളിലെ മൗതിനുൾ ദനത്തെ, യേശി മുൻ അയയ്ക്കും പോലെ ബീവിയിൽ അയത്തെ' (ചുരുക്കം: ശാഫീ ഇമാമിന് രോഗം വന്ന സമയത്ത് ബീവി രോഗശമനം വരുത്തി, സൗഖ്യത്തിനായി ദൈവത്തോട് പ്രാർഥിച്ചു, ഉടനെ രോഗത്തിന് ശമനമായി), ... ഓതുവാൻ ഇപ്പോൾ അനേകം ഉണ്ടിവരെ ചെയ്തി, ഒക്കെയും ഉരത്തിടുകിൽ ഏറിടും കവിഭീതി, ഭീതിയാകും ഹേതുവാലെ കൊഞ്ചമേ ഉരത്തെ (ഇവരുടെ അദ്ഭുതകൃത്യങ്ങളെ ക്കുറിച്ച് പറയുവാൻ വളരെയധികം ഉണ്ട്, എന്നാൽ നീണ്ടുപോകും എന്ന ഭീതിയാൽ കുറച്ച് മാത്രമേ പരാമർശിക്കുന്നുള്ളൂ), ബിള്ളിടുന്നു കേള് വീരെ കണ്ടിടും ഫലത്തെ, ബേദന പെരുത്ത രോഗം ബാരും സമയത്തെ ബിളുത്ത് തീരുംമുമ്പ് ഭേദമായി ഞാൻ നളർത്തേ, കേദമാൽ കദം കരയിൽ നിണ്ടണയ് ദു:ഖത്തെ, കേവലം ബിടുതി ബേഗം താരും സലാമത്തേ (വേദന, വലിയ രോഗം എന്നിവ വരുന്ന നേരത്ത് ഇവരെ വിളിച്ചുതീരും മുമ്പ് രോഗം ശമിക്കുന്നതായി

കാണാം, ദുഖവും മറ്റും വരുന്ന സമയത്ത് വേഗം സമാധാനം ലഭിക്കും) (333 വക മൗലിദ് കിതാബ്, പു. 287-296).

ആദ്യകാലത്തെ പ്രകീർത്തന കൃതികളിൽ നിന്നും വ്യത്യസ്തമായി, അല്ലെങ്കിൽ മലബാറിൽതന്നെ ജീവിച്ചിരുന്ന ശൈഖുമാരുമായി ബന്ധപ്പെട്ട പ്രകീർത്തനകൃതികൾ രചിക്കപ്പെടുന്ന, പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും രചിക്കപ്പെടുന്ന പ്രകീർത്തനകൃതികളിൽ രോഗ-ചികിത്സയുമായും അദ്ഭുതകൃത്യങ്ങളുമായും ബന്ധപ്പെട്ട പരാമർശങ്ങൾക്ക് കാഠിന്യം കൂടുന്നതായി കാണാം. *മഞ്ഞക്കുളംമാല*, *മമ്പുറംമാല*, *കറാമത്ത്മാല*, *തെരുവത്ത്പള്ളിമാല* എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.

മൈസൂർ ഭരണാധികാരിയായിരുന്ന ടിപ്പു സുൽത്താന്റെ കാലത്ത്, സുൽത്താനെ എതിർത്തവരോട് ഏറ്റുമുട്ടി വീരമൃത്യു വരിച്ച സയ്യിദ് ഖാജാ ഹുസൈൻ എന്ന യോദ്ധാവിന്റെ ചരിത്രം പ്രകീർത്തിക്കുന്ന കൃതിയാണ് *മഞ്ഞക്കുളംമാല*. മഞ്ഞക്കുളം എന്ന സ്ഥലത്താണ് അദ്ദേഹത്തെ മറമാടിയത്. ഇതെഴുതിയതാരാണെന്ന് ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടില്ല. കള്ളന്മാരുടെ ശല്യം, ഭ്രാന്ത്, മാനസിക വിഭ്രാന്തി, വസൂരി എന്നിവയിൽ നിന്ന് രക്ഷനേടാൻ *മഞ്ഞക്കുളംമാല* ചൊല്ലുമായിരുന്നു. ഈ മാലയുടെ ചൊല്ലൽ പൂർത്തിയാക്കുന്ന നിമിഷം വസൂരിയുടെ കെടുതികൾ നിങ്ങളെ വിട്ടൊഴിയും എന്നായിരുന്നു വിശ്വാസികൾക്കിടയിലുള്ള കാഴ്ചപ്പാട്(മലബാരി, 1970, പു. 2). വിഷം തീണ്ടിയവർക്ക് ഇ ൗ മാല നേർച്ചയാക്കി പാടിയാൽ ശമനം ലഭിക്കുമെന്നായിരുന്നു അക്കാലത്തെ ജനങ്ങളുടെ വിശ്വാസം (ഹസൻ, 2012, പു. 78). *മഞ്ഞക്കുളംമാല*യിലെ രോഗ-ചികിത്സയുമായി ബന്ധപ്പെട്ട പരാമർശം കാണുക, നന്നേ വരുത്തപ്പെട്ട് ആര് വിളിക്കുകിൽ നവലി മുടിയും മുൻ ഉത്തിരം ചെയ്യുന്നോവർ (വളരെ ആഗ്രഹിച്ച് ആരെങ്കിലും വിളിച്ചാൽ ഉടനെ ഉത്തരം നൽകുന്നവർ), ചെയ്യുന്നവരേ ഫിരിഷം വെച്ചുള്ളോരെ ചേട്ടാ അണക്കാതെ നേട്ടം കൊടുഫ്ഫോവർ (ഉത്തരം നൽകുന്നോരോട്/ ശൈഖിനോട് സ്നേഹം കാണിക്കുന്നവർക്ക് വളരെയധികം നേട്ടം കൊടുക്കുന്ന യാൾ), ഫയ്യായെ സത്തിയം ചെയ്യാൻ അണന്തോരെ ബുദ്ധി മരിച്ച് പിരാന്താക്കി വിട്ടോവർ (ശൈഖിനെക്കുറിച്ചുള്ള സത്യം മനസ്സിലാക്കാത്തവരെ ബുദ്ധി മരവിപ്പിച്ച് ഭ്രാന്തനാക്കി വിട്ടോവർ), വയ്യായ്മ എത്തി വലഞ്ഞുള്ള രോഗിന്റെ രോഗം വിടുത്തി സലാമത്തിലാക്കിയോവർ (അസുഖം കൊണ്ട് വലഞ്ഞ രോഗിയുടെ അസുഖം മാറ്റി സമാധാനം നൽകിയവർ), യേക്കം വിലക്കം കുരയും

ഫനിയുമെ യെളുഫത്തിൽ മാറ്റിക്കൊടുത്തുള്ള ഫുന്നാരർ (പ്രയാസകരമായ ചുമയും പനിയും വേഗത്തിൽ മാറ്റിക്കൊടുത്ത പുന്നാരപ്പെട്ടവർ), .... കുറിഫ്ഫെന്ന മൂധേവി കൂടിയ ബീടകം ഗുണവരെ ഫെരുമ മദ്ഹും ഉരക്കുകിൽ ഉരത്തീരും മുമ്പ് ഗുണമാകും എന്നോവർ (കുരുപ്പ് എന്ന മൂധേവി വന്ന വീട്ടിൽ ശൈഖിന്റെ പെരുമയും പ്രശസ്തിയും ചൊല്ലിയാൽ അത് ചൊല്ലിത്തീരുന്നതിനു മുമ്പ് ഗുണമുണ്ടാകും എന്ന് പറഞ്ഞവർ) (*333 വക മൗലിദ് കിതാബ്*, പു. 300–308).

പിൽക്കാലത്ത്, ജാറങ്ങളിൽ (മഖ്ബറ/ ശവകുടീരം) നടക്കുന്ന നേർച്ചകളോടനുബന്ധിച്ച് ധാരാളം മാലപ്പാട്ടുകൾ ഉണ്ടായതിനാൽ മാലപ്പാട്ടുകളെ നേർച്ചപ്പാട്ടുകൾ എന്നും വിളിക്കാൻ തുടങ്ങി. ഭക്തർ അവ ആലപിക്കുന്നത് പുണ്യകരമെന്ന നിലക്കാണ് (ഹസൻ, 2012, പു. 74). എന്നാൽ ഈ പാരമ്പര്യം പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലും തുടർന്നുവന്നു എന്നതിന് ധാരാളം തെളിവുകളുണ്ട്. പാലക്കാടിനടുത്ത് തെരുവത്ത്പള്ളി ജാറം എന്നറിയപ്പടുന്ന ശൈഖ് മുഹമ്മദ് (നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്നു എന്ന് വിശ്വസിക്കപ്പെടുന്നു) എന്നവരെക്കുറിച്ച് രചിക്കപ്പെട്ട *തെരുവത്ത്പള്ളിമാല* എന്ന കൃതിയിൽ പരാമർശിക്കുന്നു, ഈ *മുഹമ്മദ് വലിയ്യ് മാല* നല്ല ഭയഭക്തിയോടെ പാടുകയും അതിനായി നല്ല ഉദ്ദേശത്തോടെ കളമൊരുക്കുകയും ആദരിക്കുകയും ചെയ്താൽ ബർക്കത്തും (അനുഗ്രഹം) ആഫിയത്തും (ആരോഗ്യം) മറ്റു ഇഹപര-ലോക ഗുണങ്ങളും സിദ്ധിക്കുന്നതാണ്.[19] മറ്റൊരിടത്ത് പറയുന്നു, സംശയരഹിതമായി രോഗശമനത്തിന് അവരെ കൊണ്ടിട തേടുന്നവർക്ക് ഉടനടി ആശ്വാസം ലഭിക്കുകയും അവരെ നിസ്സാരമാക്കിയവർ രോഗബാധിതരാവുകയും ചെയ്യുന്നു. കന്നുകാലികളെ മഖ്ബറയിലെത്തിച്ചാൽ അവയുടെ കുളമ്പുരോഗവും മറ്റും സുഖപ്പെടുകയും ചെയ്യുന്നു.[20]

മമ്പുറം സയ്യിദ് അലവി തങ്ങളെക്കുറിച്ച് രചിക്കപ്പെട്ട മാലപ്പാട്ടാണ് *മമ്പുറംമാല*.[21] രോഗ-ചികിത്സയുമായി ബന്ധപ്പെട്ട് *മമ്പുറംമാല*യിൽ പരാമർശിച്ച ഒരു കഥ ചുവടെ ചേർക്കുന്നു: 'താനൂർ നിവാസിയായിരുന്ന പങ്കിയാറങ്ങാന്റകത്ത് മുഹമ്മദ് ഹാജിയുടെ അനുഭവം ശ്രദ്ധേയമാണ്. പെൺകുട്ടികളെ വിവാഹം ചെയ്തയ ക്കാൻ കഴിവില്ലാത്ത ഒരു ദരിദ്രനായിരുന്നു അദ്ദേഹം. സയ്യിദ് അലവി തങ്ങളോട് വന്ന് വിവരം പറഞ്ഞപ്പോൾ ബംഗാളിൽ പോകണമെന്നാ യിരുന്നു നിർദ്ദേശം. യാത്രക്കുള്ള പണവും സാമഗ്രികളും

തങ്ങൾതന്നെ നൽകി. ബോംബെ വഴിയായിരുന്നു യാത്ര. ബോംബെ യിലെത്തിയപ്പോൾ മുഹമ്മദ് ഹാജി സയ്യിദ് അലവി തങ്ങളെ അവിടെ കണ്ടുമുട്ടി. ഒടുവിൽ ബംഗാളിൽ യാത്ര അവസാനിച്ചു. അവിടെ തങ്ങൾ നിർദ്ദേശിച്ചിരുന്ന ജാർ മുഹമ്മദിനെ അന്വേഷിച്ചു കണ്ടെത്തി. ചിത്തഭ്രമം കാരണം വിഷമം അനുഭവിക്കുന്ന ആളായിരുന്നു അദ്ദേഹം. അയാൾ തങ്ങൾ കൊടുത്തയച്ച പഞ്ചസാരയിൽ നിന്ന് അദ്ദേഹത്തിന് നൽകുകയും അദ്ദേഹത്തിന്റെ രോഗം ഭേദമാകുകയും ചെയ്തു. ആഹ്ലാദഭരിതനായ അദ്ദേഹം മുഹമ്മദ് ഹാജിക്ക് വേണ്ടുവോളം പണം നൽകി. അദ്ദേഹം സസന്തോഷം മലബാറിലേക്ക് തിരിക്കുകയും ചെയ്തു'(മോയിൻ & മഹ്മൂദ്, 2008, പു. 127-128).

കൊണ്ടോട്ടിയിലെ പ്രശസ്തനായ സൂഫി ശൈഖ് മുഹമ്മദ് ശാഹ് തങ്ങളുടെ മകനായിരുന്നു ആഫ്താബ് ശാഹ് തങ്ങൾ. ആഫ്താബ് ശാഹ് തങ്ങളുടെ മകനായ ഇശ്തിയാഖ് ശാഹ് തങ്ങളെക്കുറിച്ചും ധാരാളം കറാമത്തുകൾ സംബന്ധിച്ച കഥകൾ നിലവിലുണ്ട്. അവയിൽ പലതും മോയിൻ കുട്ടി വൈദ്യർ തന്റെ *കറാമത്ത്മാല* എന്ന കൃതിയിൽ പ്രതിപാദിച്ചിട്ടുണ്ട് (ഉമർ മധുവായ്, 2018, പു. 70-71). അവയിൽ ചിലതാണ്:

1. കടുത്ത രോഗം പിടിപെട്ട് പല ചികിത്സകളും ചെയ്തു സുഖപ്പെടാതെ ശൈഖ് അവർകളുടെ അടുക്കലേക്ക് കൊണ്ടുവന്ന അവശരായ രോഗികളെ നിസ്സാര മരുന്നുകൊണ്ട് ഭേദമാക്കിയിരുന്നു.
2. കഷ്ടപ്പെടുത്തുന്ന പിശാച് ബാധകൾ തങ്ങളവർകളുടെ മുന്നിലെത്തിയാൽ താനെ ഇളകി പറിഞ്ഞ് വിട്ടൊഴിവായി പോയിരുന്നു.
3. ഭക്ഷണം ഒന്നും കഴിക്കാതെയും സംസാരിക്കാതെയും ഉറക്കമില്ലാതെയും കഴിഞ്ഞിരുന്ന കടുത്ത മാനസിക രോഗികളെ വുളുഇന്റെ (അംഗശുദ്ധി) വെള്ളം കുടഞ്ഞും കുടിപ്പിച്ചും സുഖപ്പെടുത്തിയിരുന്നു.
4. കൊല്ലാൻ വേണ്ടി കൈവിഷം കൊടുത്ത് അവശനായി കൊണ്ടുവരപ്പെട്ട വ്യക്തിയെ വെള്ളം മന്ത്രിച്ച് കൊടുത്ത് സുഖപ്പെടുത്തി.
5. കണ്ണ് രോഗം വന്ന് കണ്ണ് നഷ്ടപ്പെടാറായവരേയും തിമിരംമൂടി കണ്ണ് കാണാതായവരേയും തന്റെ ഉമിനീർ പുരട്ടി സുഖപ്പെടുത്തിയിരുന്നു.

6. ബോധം നഷ്ടപ്പെട്ട് ദിവസങ്ങളോളം കിടപ്പിലായ രോഗിയെ ശൈഖ് അവർകളുടെ അടുക്കൽ കൊണ്ടുവന്ന് കിടത്തിയപ്പോൾ തങ്ങൾ തട്ടിവിളിച്ചതോടെ ബോധം തിരിച്ചുകിട്ടി.
7. മൂർഖൻ പാമ്പിന്റെ കടിയേറ്റ് വിഷം തീണ്ടി അവശനിലയിൽ കൊണ്ടുവന്ന രോഗിയുടെ വായിൽ മധുരം നൽകി വിഷം ഇറക്കി സുഖമാക്കുകയുണ്ടായി.
8. മുള്ള്, എല്ല് തുടങ്ങിയവ ചങ്കിൽ തറച്ച് വൃണമാവുകയും പല ചികിത്സകൾ നടത്തി പരാജയപ്പെടുകയും ചെയ്ത പലരേയും തങ്ങൾ വാഴപ്പഴം മന്ത്രിച്ചുകൊടുത്ത് സുഖപ്പെടുത്തിയിരുന്നു (ഉമർ മധുവായ്, 2018, പുറം. 70-75).

മമ്പാട് സ്വദേശിയായ കാഞ്ഞിരാല കുഞ്ഞിരായിൻ എന്ന നിമിഷ കവി എഴുതിയ മാലപ്പാട്ടാണ് *ബദർമാല* (അദ്ദേഹം ഹിജ്റ 1319 ൽ (എ സി. 1902) അന്തരിച്ചു). അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ് *ബദർമാല*, *ഫാത്തിമമാല*, *മഹാരത്നമാല*, *മദ്ഹുൽ കരീം*, *ആയിശത്ത്മാല*, *സയ്യിദുൽ ഫുത്തദ്മാല* മുതലായവ. കേരള മുസ്ലിങ്ങൾ പണ്ട് പകർച്ചവ്യാധികളിൽ നിന്നും രക്ഷനേടുന്നതിനായി ഭക്തിപൂർവ്വം പാരായണം ചെയ്തിരുന്ന നേർച്ചപ്പാട്ടാണ് *ബദർമാല* (ഹസൻ, 2012, പു. 77).

മാലപ്പാട്ടുകളെല്ലാം തന്നെ രചിക്കപ്പെട്ടത് അറബി-മലയാള ത്തിലായതിനാൽ അവയ്ക്ക് വളരെയധികം പ്രചാരമാണ് ലഭിച്ചത്. മാലപ്പാട്ടുകളെപ്പോലെതന്നെ പ്രധാനമായിരുന്നു മൗലിദുകളും.

**2. മൗലിദുകളും രോഗ-ചികിത്സയും:**

മലബാറിൽ പ്രചാരത്തിലൂണ്ടായിരുന്ന മൗലീദ് ഗ്രന്ഥങ്ങളിൽ ശൈഖിന്റെ അദ്ഭുതസിദ്ധികളെക്കുറിച്ചുള്ള ധാരാളം കഥകളുടെ പരാമർശങ്ങളുണ്ട്. രോഗ-ചികിത്സാ സംബന്ധിയായ കഥകൾ അവയിൽ ഒരു വിഭാഗം മാത്രമാണ്. മാലപ്പാട്ടുകളില ധികവും രചിക്കപ്പെട്ടത് അറബി-മലയാളത്തിലാണെങ്കിൽ മൗലിദുകൾ അധികവും രചിക്കപ്പെട്ടത് അറബി ഭാഷയിലാണ്. വ്യക്തികളുടെ പ്രാമുഖ്യം, അവരുടെ ജീവിതാനുഭവങ്ങൾ, ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ, അവരുടെ സംഭാവനകൾ, അവരിലാരോപിക്കപ്പെടുന്ന അദ്ഭുതസംഭവങ്ങൾ എന്നിയാണ് ഇത്തരം മൗലിദ്കൃതികളിലെ വിഷയം (കെ.എം. മുഹമ്മദ്, 2012, പു. 114-116). മൗലിദ്പാരായണം കൊളോണിയൽ മലബാറിലെ മാപ്പി ളമാരുടെ ഇടയിലെ ഒരു സാധാരണ മതാചാരമായിരുന്നു (Innes, 1951, p. 190).

ദൈവത്തെ (അല്ലാഹുവിനെ) സ്തുതിച്ചുകൊണ്ടും അവന്റെ മഹത്വം വാഴ്ത്തിക്കൊണ്ടുമാണ് മൗലിദിന്റെ ആരംഭം. തുടർന്ന് ആരെക്കുറിച്ചുള്ള മൗലിദ് ആണോ അയാളുടെ അപദാനങ്ങൾ പാടുന്നു. ആ പുണ്യാത്മാവിന്റെ അദ്ഭുതകൃത്യങ്ങളും ജീവിതത്തിലെ പ്രധാന സംഭവങ്ങളും മഹത്വവും പ്രകീർത്തിക്കുകയും അയാളിൽ ദൈവാനുഗ്രഹം ഉണ്ടാകാൻ പ്രാർഥിക്കുകയും ചെയ്യുന്നു (കെ.എം. മുഹമ്മദ്, 2012, പു. 116).

കേരളത്തിൽ രചിക്കപ്പെട്ട മൗലിദ് ഗ്രന്ഥങ്ങളിൽ ആദ്യത്തേതെന്ന് കരുതപ്പെടുന്നത് പതിനാറാം നൂറ്റാണ്ടിൽ പൊന്നാനിയിൽ ജീവിച്ചിരുന്ന ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ രചിച്ച പ്രവാചക (പ്രവാചകൻ മുഹമ്മദ്) കീർത്തനമായ *മൻഖൂസ് മൗലീദ്* (മൻഖൂസ് = അപൂർണ്ണമായ) ആണ്. പകർച്ചവ്യാധികൾ പടർന്നുപിടിച്ച ഒരു സാഹചര്യത്തിലാണ് ഈ കൃതി രചിച്ചതെന്നാണ് പറയപ്പെടുന്നത് (എം. നിസാർ, 2017, പു. 104). പ്രവാചകൻ മുഹമ്മദിന്റെ ജീവിതത്തെ പ്രതിപാദിക്കുന്ന കൃതിയാണിത്.

സി.ഇ ഒമ്പതാം നൂറ്റാണ്ടിൽ തലശ്ശേരിക്കടുത്ത് ജീവിച്ചിരുന്നു എന്ന് കരുതപ്പെടുന്ന പെരിങ്ങോട്ടൂർ അലി കൂഫിയെ പ്രകീർത്തിച്ചുകൊണ്ട് രചിക്കപ്പെട്ട കൃതിയാണ് *മനാഖിബ് ശൈഖ് അൽ ആരിഫ് ബില്ലാഹി അലിയ്യുൽ കൂഫി*. അദ്ദേഹത്തിന്റെ കാലത്തെ ഒരു ഗ്രാമ മുഖ്യന്റെ മകളുടെ രോഗം ചികിത്സിച്ച് ശാന്തി വരുത്തിയതിന്റേയും അതുപോലുള്ള മറ്റ് കഥകളും ഈ ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ട് (എം. നിസാർ, 2017, പു. 104).

കൊണ്ടോട്ടിയിലെ മുഹമ്മദ് ഷാഹ് തങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ സമകാലികനായ അബ്ദുൽ അസീസ് ബിൻ സൈനുദ്ദീൻ മഖ്ദൂം രചിച്ച മൗലിദിലും, പിന്നീട് വിപുലപ്പെടുത്തപ്പെട്ട മുസ്ലിയാരകത്ത് അബ്ദുൽ അസീസ് മുസ്ലിയാരുടെ മൗലിദിലും അദ്ഭുത രോഗചികിത്സയുമായി ബന്ധപ്പെട്ട ധാരാളം സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. ഇദരീസ് എന്നയാൾ പറയുന്നു, ഒരിക്കൽ എനിക്ക് മാരകമായ ഒരു അസുഖം പിടിപെട്ടു. അസുഖം മൂർച്ഛിച്ചപ്പോൾ എന്റെ മക്കളും സഹോദരങ്ങളും കരയാൻ തുടങ്ങി. വിവരം അറിയിക്കാനായി ഞാൻ ഒരാളെ ശൈഖിന്റെ അടുത്തേക്കയച്ചു. ശൈഖവർകൾ കുറച്ച് നേരം ഒരു ഭാഗത്തേക്ക് തിരിഞ്ഞ് നിന്നിട്ട് അയാളോട് പറഞ്ഞു, നിങ്ങൾ പൊയ്ക്കോളൂ, അദ്ദേഹത്തിന്റെ അസുഖം ഭേദമായിരിക്കുന്നു. അള്ളാഹുവാണ് സത്യം, അന്നേരം എന്റെ ശരീരത്തിൽ നല്ല ബലവും ക്ഷമതയും

കൈവന്നു. ഉടനെ എന്റെ ചുറ്റുമുണ്ടായിരുന്നവരോട് സമയം അളന്ന് തിട്ടപ്പെടുത്താൻ പറഞ്ഞു (സൂര്യന്റെ ഭൂമിയിലെ നിഴൽ അളന്ന് സമയം കണക്കാക്കൽ). പതിമൂന്നടിയാണെന്ന് അവർ അളന്ന് പറഞ്ഞു. ശൈഖിനെ വിവരമറിയിക്കാൻ അയച്ച ആൾ തിരിച്ചുവന്ന സമയംകൂടി അളന്നപ്പോൾ എന്റെ അസുഖം ഭേദമായതും ശൈഖവർകൾ എന്റെ അസുഖം ഭേദമായി എന്ന് ഞാൻ അയച്ച ആളോട് പറഞ്ഞതും ഒരേ സമയത്തായിരുന്നു (ഉമർ മധുവായ്, 2018, പു. 38). ശൈഖ് അവർകളുടെ മറ്റൊരു പ്രധാന ശിഷ്യനായ ഹസൻ എന്നവർ പറയുന്നു,ശരീരമാസകലം നീര് വന്നു വീർത്ത് വല്ലാതെ തടിച്ച ഒരാളെ ഞാൻ കാണുകയുണ്ടായി. ഈ അവസ്ഥയിൽ അദ്ദേഹം അധിക കാലം ജീവിക്കില്ലെന്ന് നാട്ടിലെ പ്രഗൽഭരായ ഭിഷഗ്വരന്മാരെല്ലാം വിധിയെഴുതിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തെ ശൈഖവർകളുടെ അടുത്തേക്ക് കൊണ്ടുവരപ്പെട്ടു. ശൈഖവർകൾ ഒരു സാധനം നൽകിയിട്ട് അദ്ദേഹത്തോട് പറഞ്ഞു, സമാധനമായിട്ട് പൊയ്ക്കോളൂ, താങ്ങളുടെ രോഗം പെട്ടെന്ന് സുഖപ്പെടും. അതുപോലെ സംഭവിക്കുകയും ചെയ്തു (ഉമർ മധുവായ്, 2018, പു. 38-39). ശൈഖ് മുഹമ്മദ് ഷാ തങ്ങളുടെ കറാമത്തുകൾ അദ്ദേഹത്തിന്റെ മരണത്തിന് ശേഷവും തുടർന്നു. തൊണ്ടയിൽ എല്ല്, മുള്ള് തുടങ്ങി ഏത് വസ്തുവും തറയ്ക്കുകയോ കുടുങ്ങയോ ചെയ്ത ആരും ശൈഖ് അന്ത്യവിശ്രമം കൊള്ളുന്ന ഖുബ്ബയിൽ (ശവകുടീരം) വന്ന് അള്ളാഹുവിനോട് പ്രാർഥിച്ച് മഹാനവർകളുടെ പിൻഗാമികൾ നൽകുന്ന പഴം വിഴുങ്ങിയതിന് ശേഷം അസുഖം ഭേദമാകാതെ തിരിച്ചു പോകേണ്ടിവന്ന ചരിത്രം ഇന്നുവരെയുണ്ടായിട്ടില്ല (ഉമർ മധുവായ്, 2018, പു. 53).

കറാമത്ത് (Wonders/ Miracles) എന്നറിയപ്പെടുന്ന ഇത്തരം അദ്ഭുത പ്രവർത്തികൾ ഏതൊരു സൂഫി ശൈഖിന്റെയും ശക്തിയായി അനുയായികൾ ആരോപിക്കുന്നതാണ്. സാധുചരിത്ര രചനയിൽ ഇവ ഒഴിച്ചുകൂടാനാകാത്ത ഭാഗമാണെന്ന് ജോൺ റെനാർഡ് പറയുന്നു (Renard, 2005, pp. 256-257). ഇതിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങൾ പാങ്ങിൽ അഹമ്മദ്കുട്ടി മുസ്ലിയാർ രചിച്ച *അന്നഫഹാത്തുൽ ജലീല ഫീ മനാഖിബി അസ്സയ്യിദ് അലവി മൗലദ്ദവീല* എന്ന മൗലിദിൽ കാണാവുന്നതാണ്. ഇതിലെ രോഗം, ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട ചില പരാമർശങ്ങൾ പരിശോധിക്കാം:

1. എനിക്ക് മൂത്രവാർച്ചയുണ്ട് മഹാലരേ, അത് ഭേദമാവാൻ ദുആ ചെയ്യണം. ഒരാൾ പരാതിപ്പെട്ടു.നീ പശുക്കൂട്ടത്തിനിടയിൽ ചെന്ന് മൂത്രമൊഴിക്കൂ. അയാൾ അനുസരിച്ചു. രോഗം മാറി.
2. തങ്ങളുടെ ഭാര്യയായ കൊയിലാണ്ടിയിലെ ഫാത്വിമക്ക് അസുഖമാണെന്ന് ഒരു ദൂതൻ തങ്ങളോട് പറഞ്ഞു. അസൗകര്യങ്ങൾ കാരണം സന്ദർശിക്കാനായില്ല. അൽപം കഴിഞ്ഞപ്പോൾ പ്രിയതമയുടെ മരണവാർത്തയുമായി മറ്റൊരു ദൂതൻ വന്നു. മരണപ്പെടുന്നതിന് മുമ്പ് ഭാര്യയെ സന്ദർശിക്കാത്ത തിനാൽ ജനങ്ങൾ ആക്ഷേപിക്കുന്നുണ്ടെന്നറിഞ്ഞു. കൊയിലാണ്ടിയിലെത്തിയ തങ്ങൾ ജനാസയുടെ അടുത്തുചെന്ന് പറഞ്ഞു: ഇന്നാലിന്ന കാര്യങ്ങളൊക്കെയും നിന്റെ ശരീരത്തിലുണ്ടായിട്ടും നീ മരിക്കയോ! അല്ലാഹുവിന്റെ അനുവാദത്തോടെ നീ എഴുന്നേൽക്കൂ!. അവർ എഴുന്നേറ്റു.
3. തങ്ങളുടെ സന്തത സഹചാരിയായിരുന്ന ഒരു അമുസ്ലിമിന് കലശലായ രോഗം ബാധിച്ചു. വൈദ്യചികിത്സയൊന്നും ഫലിച്ചതേയില്ല. അയാൾ തങ്ങളെ തുടരെ തുടരെ വിളിച്ച് പ്രാർഥിച്ചു. ഉടനെ തങ്ങൾ അൽപം വാഴപ്പഴം കൊടുത്തയച്ചു. അവ ഭക്ഷിച്ചതും രോഗം ഭേദമായി. പിന്നീടയാൾ തങ്ങളെ കണ്ടു. ഞാൻ അങ്ങയെ വിളിച്ച് പ്രാർഥിക്കാറുണ്ടായിരുന്നു എന്ന് പറഞ്ഞു. അത് ശരിവെച്ച തങ്ങൾ പറഞ്ഞു, എന്നെ ഉറങ്ങാൻ പോലും അനുവദിച്ചിരുന്നില്ല നീ.
4. നാല് സംഘമാളുകൾ തങ്ങളെ വന്നുകണ്ടു. നാട്ടിൽ പടർന്നു പിടിച്ച മാറാവ്യാധിയെ കുറിച്ച് പരാതിപ്പെട്ടു. അവിടുന്ന് പ്രാർത്ഥിച്ചു. എല്ലാം ഭേദമായി. വിവിധ അസുഖങ്ങൾക്ക് ചികിത്സതേടി ഇതുപോലെ പലരും തിരുസന്നിധിയിലെത്തും. മഹാനവർകളുടെ കേവലമൊരു പ്രാർത്ഥനകൊണ്ട് അല്ലാഹു എല്ലാ അസുഖങ്ങളും മാറ്റുമായിരുന്നെന്ന് ചരിത്രത്തിൽ കാണാം.
5. നാട്ടിൽ വസൂരിയും മാറാവ്യാധിയും. എല്ലാവരും കഷ്ടപ്പെടുന്നു. പലരും മരണത്തിന് കീഴടങ്ങി. തങ്ങൾ പറഞ്ഞു: നിങ്ങൾ പേടിക്കേണ്ട. എനിക്കൊരു മുഴമീൻ തരൂ.തങ്ങൾ അത് ഭക്ഷിച്ചു. ഉടനെ അവിടുത്തെ ശരീരത്തിൽ വസൂരിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. മൂന്ന് മണിക്കൂറിനുള്ളിൽ എല്ലാം അപ്രത്യക്ഷമായി. നാട്ടിലെ വസൂരിയും ഭേദമായി.
6. ഊമയായ ഒരാളെ ആരോ തിരുസന്നിധിയിൽ കൊണ്ടുവന്നു. തങ്ങൾ കോഴിയെകൊണ്ട് അയാളുടെ വായിൽ കൊത്തിച്ചു.

കോഴി നിർത്താതെ കൊത്തി. അതോടെ അയാൾ സ്ഫുടമായി സംസാരിക്കാൻ തുടങ്ങി (മോയിൻ & മഹ്മൂദ്, പു. 174–188).

മാലപ്പാട്ടുകളെപ്പോലെയോ മൗലിദ് രചനകളെപ്പോലെയോ മലബാറിൽ പ്രചാരം ലഭിക്കാത്ത പ്രകീർത്തനകൃതികളാണ് മദ്ഹ്പാട്ടുകളും റാത്തീബുകളും.

**3. മദ്ഹ് പാട്ടുകളും രോഗ-ചികിത്സയും:**

*മഖ്തൽ* (maqtal) എന്ന പേരിലറിയപ്പെട്ട മദ്ഹ്പാട്ട് (eulogy or praising song) വിഭാഗത്തിൽപെട്ട കൃതികൾ രക്തസാക്ഷികൾ, അവരുടെ കുടുംബം, അവരെ പിന്തുണക്കുന്നവർ എന്നിവരുടെ കഥകളെ/ജീവചരിത്രത്തെ പുകഴ്ത്തിക്കൊണ്ട് രചിക്കപ്പെട്ടവയായിരുന്നു. ഉപാഖ്യാനമായോ, രസകരമായ സംഭവകഥാ രൂപത്തിലോ രചിക്കപ്പെട്ട ഇത്തരം കൃതികളിൽ പുണ്യാത്മാവിനെക്കുറിച്ചുള്ള ഘടകങ്ങൾ ഉണ്ടെങ്കിലും, അവ ആരംഭിച്ചിരുന്നത് പ്രവാചക വചനങ്ങളോ (ഹദീസ്), സൂഫി ഈരടികളോ, ഗദ്യമോ ചേർത്തായിരുന്നു.

മലബാറിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു പ്രമുഖ മദ്ഹ്പാട്ട് ആയിരുന്നു മമ്പുറംമദ്ഹ് / മമ്പുറംമാല. ഇത് മമ്പുറം സയ്യിദ് അലവി തങ്ങളെക്കുറിച്ചുള്ള രചനയാണ്. ഈ കൃതിയിൽ മമ്പുറം തങ്ങളുടെ ധാരാളം അദ്ഭുതകരമായ കഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത്തരം പതിനഞ്ചിലധികം കൃതികൾതന്നെ മമ്പുറം സയ്യിദ് അലവി തങ്ങളെക്കുറിച്ച് രചിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ്, ഉമറുൽ ബർറ് അൽ മദനി 1895 ൽ പ്രസിദ്ധീകരിച്ച *മൗലിദുൻ ഫീ മനാഖിബി അസ്സയ്യിദ് അലവി അൽ മമ്പുറമി*, തിരൂർ കാരാട്ട് കുഞ്ഞിപരി മുസ്ലിയാർ 1893 ൽ പ്രസിദ്ധീകരിച്ച *ഫത്ഹുൽ കബീർ ഫീ മനാഖിബിസ്സയ്യിദ് അലവി അൽ മമ്പുറമി*, പാങ്ങിൽ അഹമ്മദ്കുട്ടി മുസ്ലിയാർ 1935 ൽ പ്രസിദ്ധീകരിച്ച *അന്നഫഹാത്തുൽ ജലീല ഫീ മനാഖിബി അസ്സയ്യിദ് അലവി മൗലദ്ദവീല* മുതലായവ (മോയിൻ & മഹ്മൂദ്, പു. 104 108).

അലവി തങ്ങളുടെ പല അദ്ഭുതകഥകളും വിശദീകരിക്കുന്ന കൂട്ടത്തിൽ അദ്ദേഹം നടത്തിയ രോഗ-ചികിത്സകൾ, അദ്ഭുതചികിത്സ എന്നിവയെക്കൂടി വിവരിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ദൂരദേശങ്ങളിൽ നിന്നുള്ള ആളുകൾ രോഗ-ചികിത്സക്കായി അലവി തങ്ങളെ കാണാൻ വന്നതിന്റെ വിവരങ്ങളും ഇവയിൽ നിന്നും ലഭ്യമാണ്. എവിടെനിന്നും ശമനംകിട്ടാത്ത രോഗങ്ങളുമായിട്ടായിരുന്നു ആളുകൾ അലവി

തങ്ങളുടെ അടുത്ത് വന്ന് അദ്ദേഹത്തിന്റെ അനുഗ്രഹം (grace) കൊണ്ട് ശമനം ലഭിച്ച് തിരിച്ചുപോയിരുന്നത് (മോയിൻ & മഹ്മൂദ് 2008, പു. 135). ഇത്തരത്തിലുള്ള ധാരാളം കഥകൾകൊണ്ട് ഈ മദ്ഹ്ഗ്രന്ഥങ്ങൾ നിറഞ്ഞിട്ടുണ്ട്. ഒരു ദിവസം മൂത്രാശയ രോഗമുള്ള ഒരാൾ അലവി തങ്ങളെ സന്ദർശിക്കാനെത്തി. അദ്ദേഹത്തിന്റെ രോഗം മാറി. മറ്റൊരു ദിവസം വയറുവേദനകൊണ്ട് ഒരാൾ വന്നു. അയാളുടെ രോഗം മാറി (മോയിൻ & മഹ്മൂദ്, പു. 172 190). മറ്റൊരു ദിവസം വന്ന രോഗിക്ക് വാഴപ്പഴം നൽകിക്കൊണ്ടാണ് രോഗം മാറ്റിയത് (റിയാസ് ഫൈസി, 2016, പു. 62).

കോഴിക്കോട് ഇടിയങ്ങരയിൽ ശവകുടീരമുള്ള ശൈഖ് ശംസുദ്ദീൻ ഹിംസി (ശൈഖ് മാമുക്കോയ, സി.ഇ. 1524-1572) എന്നവരെക്കുറിച്ചുള്ള കൃതിയിൽ പറയുന്നു, നല്ല ഉദ്ദേശത്തോടെ ശൈഖിനെ സമീപിച്ചവർക്ക് അവരുടെ അസുഖം, മാനസിക വിഭ്രാന്തി, ആപത്ത്, കടം എന്നീ പ്രയാസങ്ങളെല്ലാം ദൂരീകരിക്കപ്പെടുന്നതാണ്(അബ്ദുൽകരീം ദാരിമി, 2016, പു. 31).

പാലക്കാട് ജില്ലയിലെ കാഞ്ഞിരത്തിങ്കലിനടുത്ത് അമ്പംകുന്ന് എന്ന സ്ഥലത്ത് മറമാടപ്പെട്ട അജ്മീർ ഫകീർ എന്നറിയപ്പെടുന്ന ബീരാൻ ഔലിയയെക്കുറിച്ചുള്ള മൗലിദ്കൃതി,[22] മലബാറിലാകമാനം വളരെ പ്രശസ്തനും അനുയായികളും ഉണ്ടായിരുന്ന കൊണ്ടോട്ടി മുഹമ്മദ് ഷാ തങ്ങളെക്കുറിച്ചുള്ള മൗലിദ്കൃതി (ഉമർ മധുവായ്, 2018), പൊന്നാനിക്കടുത്തുള്ള പുത്തൻപള്ളിയിൽ ജാറമുള്ള കുഞ്ഞഹമ്മദ് മുസ്ലിയാർ, തുടങ്ങി മലബാറിൽ ജീവിച്ചിരുന്ന സൂഫി ശൈഖ്മാരെക്കുറിച്ചുള്ള മിക്ക മൗലിദ്കൃതികളിലും രോഗം, ആപത്ത്, വിഷമങ്ങൾ തുടങ്ങിയവക്കുള്ള അദ്ഭുത ചികിത്സകളെക്കുറിച്ച് പരാമർശങ്ങളുണ്ട്.

പൊന്നാനിക്കടുത്തുള്ള മുനമ്പത്ത് എന്ന സ്ഥലത്ത് ശവകുടീരമുള്ള മുനമ്പത്ത് ബീവി എന്നറിയപ്പെടുന്ന പേരറിയാത്ത സ്ത്രീയുടെ മഖ്ബറയെക്കുറിച്ച പ്രകീർത്തനകൃതിയിലും അവരുടെ രോഗ-ചികിത്സയുടെ കഴിവിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്.[23] പത്തൊമ്പത്- ഇരുപത് നൂറ്റാണ്ടുകളിലായി പൊന്നാനിക്കടുത്ത പുത്തൻപള്ളി എന്ന സ്ഥലത്ത് ജീവിച്ചിരുന്ന കുഞ്ഞഹമ്മദ് മുസ്ല്യാരെ കുറിച്ച് എഴുതപ്പെട്ട കൃതിയിലും ദൂരദിക്കുകളിൽ നിന്ന് രോഗ ചികിത്സക്കായി ആളുകൾ വന്നതിനെക്കുറിച്ച് പരാമർശങ്ങളുണ്ട്.[24] തിരുവനന്തപുരത്തെ സന്യാസിനിയായിരുന്ന ബീമാബീവിയെക്കുറി

ച്ചുള്ള (ബീമാപള്ളി) കൃതിയിലും അദ്ഭുത രോഗശമനത്തെക്കുറിച്ച പരാമർശങ്ങളുണ്ട് (കെ.വി.എം. പന്താവൂർ, 2013, പു. 46–62).

**4. റാത്തീബുകളും രോഗ-ചികിത്സയും:**

റാത്തീബ് എന്നറിയപ്പെടുന്ന പ്രകീർത്തനകൃതികൾ സൂഫിസത്തിന്റെ മറ്റൊരു സംഭാവനയാണ്. എന്നാൽ അവയ്ക്ക് മാലപ്പാട്ടുപോലെയോ മൗലിദ് പോലെയോ മലബാറിൽ പ്രചാരം ലഭിച്ചിട്ടില്ല. *റാത്തീബുൽ ഹദ്ദാദ്* എന്നറിയപ്പെടുന്ന കൃതിയാണ് ഈ ശാഖയുടെ മാർഗദർശി. അഹ്മദുൽ കബീറുൽ രിഫാഇ എന്ന വിഖ്യാത സൂഫി ശൈഖിന്റെ അനുയായികളാണ് റാത്തീബ് ആചാരത്തിന് വലിയൊരളവോളം പ്രചാരം നൽകിയത്. പാതിരാത്രി ആകുവോളം നീണ്ടുനിൽക്കുന്ന റാത്തീബുകൾ (റാത്തീബ് പാരായണവും അനുഷ്ഠാനങ്ങളും) നടത്തപ്പെട്ടിരുന്നത് പകർച്ചവ്യാധി സുഖപ്പെടുത്തുന്നതിനോ, ആപത്ത് തടുക്കുന്നതിനോ ഉദ്ദേശിച്ചായിരുന്നു (കെ.എം. മുഹമ്മദ്, 2012, പു. 116–117).

ശൈഖ് മുഹയിദ്ദീനെയും ശൈഖ് അഹ്മദുൽ കബീറിനെയും വാഴ്ത്തുന്നവയാണ് റാത്തീബുകളിൽ പ്രധാനം. ശൈഖ് രിഫാഇയുടെ പിൻഗാമികളായ ഗുരുക്കന്മാർ വിശ്വാസസമൂഹത്തെ സൃഷ്ടിച്ചെടുത്തത് കത്തിയാളുന്ന തീയിൽ ഇറങ്ങുക, വിഷപാമ്പുകളുമായി ഇടപഴകുക, ഹിംസ്ര ജന്തുക്കളുടെ പുറത്ത് സവാരി ചെയ്യുക, വിഷം കഴിക്കുക തുടങ്ങിയ അദ്ഭുതപ്രവൃത്തികൾ (കറാമത്ത്) ചെയ്തുകൊണ്ടായിരുന്നു എന്നും അവയുടെ തുടർച്ചയെന്നോണം രൂപപ്പെട്ടുവന്ന ഒരു പ്രകടനരൂപമാണ് കുത്തിറാത്തീബ് എന്നും വിശ്വസിക്കപ്പെടുന്നു (നദീറ, 2019, പു. 189). ആദ്യകാലത്തെ വസൂരിപോലെയുള്ള മാരക രോഗങ്ങളിൽ നിന്നും മുക്തിനേടാനും തങ്ങളുടെ സാമ്പത്തിക ദുരിതങ്ങൾക്ക് അറുതി വരുത്താനും ആളുകൾ ഈ അനുഷ്ഠാനം നേർച്ചയായി (Offering) കരുതിപ്പോന്നു (നദീറ, 2019, പു. 189).

ചിശ്തിയ്യ, ഖാദിരിയ്യ തുടങ്ങിയ എല്ലാ സൂഫി സംഘങ്ങൾക്കും സ്വന്തം റാത്തീബുകൾ ഉണ്ട്. പ്രാർത്ഥനയുടെ ക്രമത്തിലോ എണ്ണത്തിലോ വ്യത്യാസം ഉണ്ടെങ്കിലും റാത്തീബുകളെല്ലാം ഏതാണ്ട് ഒരേ പോലെയാണ്. അവ ഓരോ വ്യക്തികളെ കുറിച്ചുള്ളതാകയാൽ ഒരോന്നിലും പരാമൃഷ്ട വ്യക്തികൾ ഭിന്നമായിരിക്കും എന്നു മാത്രം (കെ.എം. മുഹമ്മദ്, 2012, പു. 117).

മറ്റ് പ്രകീർത്തനകൃതികളെപ്പോലെ റാത്തീബ് കൃതിയേക്കാൾ റാത്തീബ് അനുഷ്ഠാനത്തിനാണ് കൂടുതൽ പ്രാധാന്യം കൈവന്നത്. അതിൽതന്നെ, മലബാറിലെ രിഫാഇ സരണിയിൽപ്പെട്ട സൂഫികളാണ് റാത്തീബ് അനുഷ്ഠാനത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്.

**ഉപസംഹാരം**

ഗുരുതര അപരാധങ്ങൾ, ഈ ജന്മത്തിലോ മുൻ ജന്മത്തിലോ ചെയ്ത പാപങ്ങൾ, കൂടോത്രം, ദുർമന്ത്രവാദം, ദൈവങ്ങളുടെ അപ്രീതി, ദുർമരണം സംഭവിച്ച ആത്മാവ് എന്നിവയുടെ ഫലമായാണ് രോഗങ്ങൾ ഉണ്ടാകുന്നത് എന്നാണ് മധ്യകാല കേരള സമൂഹങ്ങളിൽ ഉള്ളവർ വിശ്വസിച്ചിരുന്നത് (Yasser Arafath, 2011, p. 5). മരണപ്പെട്ടവരുടെ ആത്മാവിന് ജീവിച്ചിരിക്കുന്നവരുടെ ജീവിതത്തെ സ്വാധീനിക്കാൻ കഴിയുമെന്നും ജീവിച്ചിരിക്കുന്നവർക്ക് നല്ലതും ചീത്തതും കൊണ്ടുവരാൻ അവർക്ക് സാധിക്കുമെന്നും ഉള്ള വിശ്വാസം പുരാതനകാലം മുതലേ ആദിമ ജനവിഭാഗങ്ങൾക്കിടയിൽ നിലവിലുണ്ടായിരുന്നതാണ്. എന്നാൽ ഇതേപോലൊരു വിശ്വാസം, വേറൊരു രീതിയിൽ അറേബ്യയിലെ യമനിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറിയിട്ടുള്ള സയ്യിദ് വിഭാഗങ്ങൾക്കും ഉണ്ടായിരുന്നു എന്നതിന് തെളിവാണ് മരണപ്പെട്ട പുണ്യാത്മാക്കൾക്ക് അവർ നൽകിയ പ്രാധാന്യം. ഈ രണ്ട് സംസ്കാരത്തിന്റെയും ഘടകങ്ങൾ ഉൾക്കൊള്ളുന്ന മാപ്പിളമാർക്കിടയിലും മരണപ്പെട്ട പുണ്യാത്മാക്കൾക്ക് പല കഴിവുകളും ഉണ്ട് എന്ന വിശ്വാസം രൂഢമൂലമായിരുന്നു. അതിനാലാണ് അവർ തങ്ങൾക്ക് രോഗം, വിഷമങ്ങൾ, മറ്റ് പ്രയാസങ്ങൾ എന്നിവ നേരിട്ടപ്പോൾ പുണ്യാത്മാക്കളുടെ ഓർമ്മ പുതുക്കുന്നതും, അവരുടെ ശവകുടീരങ്ങൽക്ക് അമിത പ്രാധാന്യം നൽകുകയും, അവർക്ക് നേർച്ച നേരുകയും ഒക്കെ ചെയ്തിരുന്നത്.

സി.ഇ. 13-ആം നൂറ്റാണ്ടു മുതൽ, മലബാറിലെത്തിച്ചേർന്ന സൂഫി ശൈഖുമാർ തങ്ങൾ താമസിച്ചിരുന്ന പ്രദേശത്തെ തദ്ദേശീയരായ ജനങ്ങൾക്ക് ഉപകാരപ്രദമാകുംവിധം രോഗങ്ങൾക്ക് ചികിത്സ നൽകിയിരുന്നത് വലിയതോതിലുള്ള മതപരിവർത്തനത്തിന് കാരണമായിത്തീർന്നു (അബ്ദുള്ള, പു. 157). എന്നാൽ അത്തരം വാദങ്ങളെ സാധൂകരിക്കുന്ന തെളിവുകളൊന്നും ലഭ്യമായിട്ടില്ലാത്തതാണ്. ഈ ഒരു പശ്ചാത്തലത്തിലാണ് പ്രകീർത്തനകൃതികളും

രോഗ-ചികിത്സയും സംബന്ധിച്ച പഠനങ്ങൾ പ്രസക്തമായി ത്തീരുന്നത്.

ബോധപൂർവ്വമല്ലാതെയോ തിട്ടപ്പെടുത്താതെയോ ചരിത്രപരമായ വസ്തുതയുടെ കൂടെ ആത്മനിഷ്ഠമായ അംശം ചേർക്കുന്നതിന്റെ ഫലമായാണ് ഇത്തരം ഐതിഹ്യങ്ങൾ നിർമ്മിക്കപ്പെട്ടത് (Delehaye, 1962, p. 12). സാർവ്വലൗകികമായി ത്തന്നെ ഇത്തരം കഥകളിൽ ഏറ്റവുമധികം പ്രചാരം നേടിയിട്ടുള്ളത് രോഗ-ചികിത്സകളെ സംബന്ധിച്ച അദ്ഭുത കഥകളാണ് (Palmer, 2018, p. 32). എന്നാൽ അമാനുഷികമായ ഇത്തരം കഥകളെ പാടെ നിരാകരിക്കുന്നതിൽ അർത്ഥമില്ല. കാരണം അവയിൽ ഒരു കാലഘട്ടത്തിലെ ചരിത്രവസ്തുതകൾ അടങ്ങിയിട്ടുണ്ട്. കൂടാതെ, സൂഫി ചികിത്സാപദ്ധതിയിൽ ദൈവികവും ദിവ്യത്വപരവുമായ അതിഭൗതികത ഉൾച്ചേർന്നിരിക്കുന്നു എന്നതിൽ തർക്കമില്ല. ആയതിനാൽതന്നെ അവ ആധുനിക ശാസ്ത്രീയ വിശകലനത്തിൽ കൊണ്ടുവരിക എന്നത് പ്രയാസകരവുമാണ്.

സൂഫി ശൈഖുമാരുമായി ബന്ധപ്പെട്ട മാലപ്പാട്ട്, മൗലീദ്, മദ്ഹ്പാട്ട്, റാത്തീബ്തുടങ്ങിയ പുണ്യാത്മാക്കളെക്കുറിച്ചുള്ള രചനകളിൽ രണ്ട് തരം അദ്ഭുത രോഗ-ചികിത്സയെക്കുറിച്ചാണ് പരാമർശിച്ചത്. ഒന്ന് ബന്ധപ്പെട്ട കൃതിയിൽതന്നെ പുകഴ്ത്തപ്പെട്ട ശൈഖിന്റെ അദ്ഭുത സിദ്ധികൾ എന്ന നിലക്ക്. *മുഹയിദ്ദീൻമാല* മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിവരെ രചിക്കപ്പെട്ട കൃതികളിൽ ഈ പ്രത്യേകത കാണാവുന്നതാണ്. എന്നാൽ *മുഹയിദ്ദീൻമാല, നഫീസത്ത്മാല, രിഫാഇമാല* തുടങ്ങിയ രണ്ടാമത്തെ വിഭാഗത്തിലുള്ള കൃതികൾ, അവ പാരായണം ചെയ്താൽതന്നെ രോഗം, ആപത്ത്, വിഷമതകൾ എന്നിവ നീങ്ങിക്കിട്ടും എന്ന വിശ്വാസത്തിലധിഷ്ഠിതമായ അദ്ഭുതചികിത്സാ രീതി ഉൾക്കൊള്ളുന്നവയാണ്. ഒരു പക്ഷേ ഈ രണ്ടാമത്തെ വിഭാഗത്തിൽപെട്ട കൃതികൾ ആദ്യകാലത്ത് രചിക്കപ്പെട്ടവയാകാം; അതായത് മാലപ്പാട്ടുകൾ പാടുകയെന്ന ആചാരത്തിന് കേരളത്തിൽ ഏതാണ്ട് നാലു നൂറ്റാണ്ടു കാലത്തെ വ്യക്തമായ പഴക്കമുണ്ട് (ഒ. അബു, 1970, പു. 62).

ഇത്തരം മനാഖിബ് സാഹിത്യമാണ് (പുണ്യാത്മാക്കളെക്കു റിച്ച രചന) മലബാറിലാകമാനമുള്ള സൂഫി ശൈഖുമാരുടെ മഖ്ബറകൾക്ക് (ശവകുടീരം) മാപ്പിളമാർക്കിടയിൽ വളരെയധികം പ്രചാരം നേടുന്നതിന് സഹായിച്ചത്. ഭയം വിട്ടൊഴിയാനും

മനസ്സിന്റെ സമാധാനത്തിനും രോഗ ശമനത്തിനും റാത്തീബും മൗലിദുകളും ഭക്തിയോടെ പാരായണം ചെയ്തും ശൈഖുമാരെ മുൻനിർത്തി സർവ്വശക്തനായ അല്ലാഹുവിനോട് പ്രാർഥിച്ചുമായിരുന്നു ജനങ്ങൾ രോഗശമനം പ്രതീക്ഷിച്ചിരുന്നത്. (ഉമർ മധുവായ്, 2018, പു. 121).

എന്നാൽ ഈ വിഷയുമായി ബന്ധപ്പെട്ട് മുമ്പ് നടന്നിട്ടുള്ള പഠനങ്ങളിൽ മാതപരമായ ആദർശ വ്യത്യാസങ്ങളെ സാധൂകരിക്കുന്ന തരത്തിലുള്ളവയോ (ഇസ്ലാഹി/ സുന്നി), മധ്യകാല മലബാറിലെ സാംസ്കാരിക സമന്വയത്തിന്റെ ഭാഗമായി ഉടലെടുത്തതോ എന്ന തരത്തിലുള്ള വ്യാഖ്യനങ്ങളിലധിഷ്ഠിതമായ പഠനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത്. സൂഫിസത്തിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് ഇത്തരം പ്രകീർത്തന കൃതികൾ സാർവ്വലൗകികമാണ്. എന്നാൽ, അതിൽനിന്ന് വിഭിന്നമായി പ്രകീർത്തനകൃതികൾ രചിക്കപ്പെട്ട കാലഘട്ടത്തിലെ രോഗ-ചികിത്സയുമായി ബന്ധപ്പെട്ട ധാരാളം വിവരങ്ങൾ ഈ കൃതികളിൽ നിന്നും ലഭ്യമാണ്. എന്നാൽ അവ യുക്തിപരമായ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിന് ചരിത്രരചനാ രീതിശാസ്ത്രത്തോടൊപ്പം തന്നെ നരവംശശാസ്ത്ര സങ്കേതങ്ങളും ഉപയോഗപ്പെടുത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ.

പല പ്രകീർത്തനകൃതികളിലും, മറ്റ് അദ്ഭുത കഥകളുടെ കൂടെ രോഗ-ചികിത്സയുമായി ബന്ധപ്പെട്ട കഥകൾക്ക് അതിയായ പ്രാധാന്യം നൽകപ്പെട്ടത് വിരൽചൂണ്ടുന്നത് മലബാറിൽ എല്ലാ കാലത്തും സാധാരണമായിരുന്ന പകർച്ചവ്യാധികളിലേക്കും, സാംക്രമിക രോഗങ്ങളിലേക്കും അവയ്ക്കുള്ള ചികിത്സയിലേക്കുമാണ്. പൂർവ്വാധുനിക മലബാർ ചരിത്രവുമായി ബന്ധപ്പെട്ട പല സ്രോതസ്സുകളിലും ഇതുമായി ബന്ധപ്പെട്ട പല പരാമർശങ്ങളുമുണ്ട്. വാസ്കോ ഡി ഗാമയുടെ മലബാർ യാത്രയുമായി ബന്ധപ്പെട്ട് ഗാസ്പർ കൊറിയയുടെ യാത്രാ വിവരണത്തിൽ മലബാറിലെ പകർച്ചവ്യാധികളെക്കുറിച്ച് ചില പരാമർശങ്ങളുണ്ട്. കൂടാതെ മലബാറിലെ ജനങ്ങൾ ജ്യോത്സ്യൻ, ദിവ്യൻ എന്നിവരോട് ആസക്തിയുള്ളവരായിരുന്നു എന്നും അതിൽ പരാമർശമുണ്ട് (Correa, 1869, p. 146).

കൊളോണിയൽ കാലത്തുതന്നെ പകർച്ചവ്യാധികളായ കോളറ, വസൂരി മുതലായവ നിരന്തരം പടർന്നുപിടിക്കുകയും അവ കാരണമായി ധാരാളം ആളുകൾ മരണപ്പെടുകയും ചെയ്തിരുന്ന

തായി ബ്രിട്ടീഷ് രേഖകളിൽ നിന്നും വ്യക്തമാണ്. മലബാറിൽ പടർന്നുപിടിച്ചിരുന്ന പകർച്ചവ്യാധി സംബന്ധിച്ച് സി.ഇ. 1730 ഓക്ടോബറിലെ തലശ്ശേരി കമ്പനി ഡയറിയിൽ പരാമർശമുണ്ട്. ഡയറിയിൽ പകർച്ചവ്യാധിഎന്നു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കോളറയാണെന്ന് അനുമാനിക്കാം. കോഴിക്കോട്ടും പകർച്ച വ്യാധിമൂലം കനത്ത ജീവനഷ്ടമുണ്ടായി (Logan, 1951, pp. 215-216). 1757 ൽ പകർച്ചവ്യാധി വീണ്ടും മലബാറിൽ പടർന്നുപിടിച്ചു. കോഴിക്കോട്ടും മാഹിയിലും കണ്ണൂരും ധാരാളം ആളുകൾ മരണത്തിനു കീഴടങ്ങി. 1800-ൽ ബാഗ്ദാദിൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ് ഇവിടെ പടരാതിരിക്കുന്നതിന് കർശന നടപടികളാണ് സ്വീകരിച്ചത് (Logan, 1951, pp. 215-216). 1801 ഡിസംബറിൽ മലബാറിൽ മസൂരി വ്യാപകമായി പടർന്നുപിടിച്ചു (Innes, 1951, pp. 292-293). 1818 ൽ വയനാട്ടിലെ മാനന്തവാടിയിലും തുടർന്ന് കാവേരി നദിയുടെ സമീപ പ്രദേശങ്ങളിലെ ഗ്രാമങ്ങളിലും കോളറ വ്യാപിക്കുകയും വിനാശകരമായി മാറുകയും ചെയ്തു. 1819-ൽ കണ്ണൂരിലും തലശ്ശേരിയിലും നിരവധി കോളറ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു (Cornish, 1871, P. 11).

ജില്ലാ മെഡിക്കൽ ആന്റ് സാനിറ്ററി ഓഫീസറുടെ (സർജൻ-മേജർ എച്ച്. ഡി. കുക്ക്, എം.ബി.) റിപ്പോർട്ട് പ്രകാരം, പ്രത്യേകിച്ചും മലബാർ ജില്ലയിൽ, വ്യാപകമായ പ്രധാന രോഗങ്ങളാണ് വിളർച്ച (anaemia), നീർക്കെട്ട് (മഹോദരം, General dropsy), പ്ലീഹവീക്കം (splenitis), തുള്ളപ്പനി (ague), വയറുകടി (dysentry), മന്തുരോഗം (elephantiasis), ത്വക്ക് രോഗങ്ങൾ മുതലായവ (Logan, 1951, p. 217). മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ മലബാർ പ്രദേശത്തുള്ളവരെ സാധരണമായി ബാധിക്കുന്ന ഒന്നാണ് തുള്ളപ്പനി (ague) (Logan, 1951, p. 217). വയറുകടി (dysentery) മലബാറിൽ ഒരു സാധാരണ രോഗമാണ്. വയറുകടിയുള്ളവർ മലബാറിൽ പോകരുത്എന്നൊരു ചൊല്ലുതന്നെയുണ്ട്. ജൂൺ, ജൂലൈ, ആഗസ്ത് മാസങ്ങളിലെ കാലാവസ്ഥയുടെ ഫലമായാണ് ഈ രോഗം വ്യാപിക്കുന്നത് (Logan, 1951, p. 217). മന്തുരോഗം (elephantiasis), കൊക്കപ്പുഴുരോഗം (ankylostomiasis) എന്നിവ മലബാറിൽ, പ്രത്യേകിച്ച് തീരപ്രദേശത്തെ മാപ്പിളമാർക്കിടയിൽ വളരെ സാധാരണമാണെന്ന് സി.എ. ഇന്നസ് രേഖപ്പെടുത്തിയിട്ടുണ്ട് (Innes, 1951, pp. 292). മലബാറിൽ ഇടക്കിടെ പൊട്ടിപ്പുറപ്പെടാറുള്ള കോളറ (വിഷൂചിക) ഒരു കടുത്ത പകർച്ചവ്യാധിയാണ്. അത് സാധാരണ പടർന്നുപിടിക്കുന്നത് മാർച്ച്, ഏപ്രിൽ, മെയ്

മാസങ്ങളിലാണ്. ജൂണിൽ മഴക്കാലം തുടങ്ങുന്നതോടെ വ്യാപനം നിലക്കുന്നു (Innes, 1951, pp. 292). മറ്റു ജില്ലകളിലേതിനേക്കാൾ മലബാറിൽ ഇടക്കിടെ പൊട്ടിപ്പുറപ്പെട്ടിരുന്ന ഒരു രോഗമാണ് വസൂരി (small-pox) (Innes, 1951, pp. 292).

കൂടാതെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി അറബി-മലയാളത്തിൽ രചിക്കപ്പെട്ട വൈദ്യകൃതികളിൽ നിന്നും ഈ കാലഘട്ടത്തിലെ രോഗങ്ങളെക്കുറിച്ചുള്ള സൂചനകൾ ലഭിക്കുന്നതാണ്. കൊങ്ങണംവീട്ടിൽ അഹമദ് എന്ന ബാവ മുസ്ലിയാർ 1890-ൽ രചിച്ച *സർവരോഗ ചികിത്സാസാരം*, പാറപ്പുറത്ത് ഇല്ലത്തുപറമ്പിൽ ബീരാൻകുട്ടി വൈദ്യർ 1897 ൽ രചിച്ച *നടപ്പുദീനത്തിനുള്ള ചികിത്സ* (*വിഷൂചികാചികിത്സാ അഷ്ടാംഗഹൃദയം*), കീഴുപറമ്പ എം.കെ. കുഞ്ഞിപ്പോക്കർ 1935 ൽ രചിച്ച *വസൂരിചികിത്സാകീർത്തനം* മുതലായ കൃതികൾ ചില ഉദാഹരണങ്ങളാണ്.

മലബാറിലെ മാപ്പിളമുസ്ലിങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന വ്യത്യസ്തവും വൈജ്യത്യപരവുമായ പ്രകീർത്തനകൃതികളിലെ പ്രതിപാദ്യവിഷയങ്ങൾ, പ്രത്യേകിച്ചും രോഗ-ചികിത്സയുമായി ബന്ധപ്പെട്ട് പരാമർശിക്കുന്നവയെ സംബന്ധിച്ച ചരിത്രരചനാരീതിശാസ്ത്രത്തിന്റെയും നരവംശശാസ്ത്ര സങ്കേതങ്ങളുടെയും പിന്തുണയോടെ നടത്തുന്ന ഇത്തരം പഠനങ്ങൾ അക്കാലത്തെ ചരിത്രപഠനത്തിന് കൂടുതൽ സഹായകരമായിത്തീരുന്നു. ഈയൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടായിരിക്കണം, പൂർവ്വാധുനിക കാലം മുതൽ മലബാറിലെ മാപ്പിളമാരുടെ ഇടയിലെ പ്രകീർത്തനകൃതികളെക്കുറിച്ച് പഠനം നടത്തേണ്ടത്.

**കുറിപ്പുകൾ**

1. പുണ്യാത്മാക്കളുടെ ജീവചരിത്രം പ്രതിപാദിക്കുന്ന രചനകളാണ് മാലപ്പാട്ടുകൾ. അവയെ നേർച്ചപ്പാട്ടുകൾ എന്നും വിളിക്കുന്നു. പുണ്യാത്മാക്കളുടെ ജീവിതത്തിലെ ധന്യമുഹൂർത്തങ്ങൾ ഭക്തിയോടുകൂടി അവതരിപ്പിക്കുകയാണ് മാലപ്പാട്ടുകൾ ചെയ്യുന്നത്. മാല കോർക്കുന്നതുപോലെ വാക്കുകൾ കോർത്തു പാടുന്നത് കൊണ്ടാണ് മാലപ്പാട്ട് എന്ന പേർ വന്നതെന്നും, അറബി-മലയാളം പദങ്ങൾ മാലപോലെ കോർത്തുണ്ടാക്കിയതിനാലാണ് മാലപ്പാട്ടെന്ന് വിളിക്കുന്നതെന്നും വിശ്വസിക്കപ്പെടുന്നു (മൻസൂറലി, 2017, പു. 19).
2. മൗലിദ് എന്ന അറബി പദത്തിന്റെ അർത്ഥം ജനനം എന്നാണ്. പതിമൂന്നാം നൂറ്റാണ്ടു മുതലാണ് മൗലിദ് കൃതികൾ രചിക്കാൻ തുടങ്ങിയതെന്ന് പറയപ്പെടുന്നു. പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ പ്രവാചകന്റെ (പ്രവാചകൻ മുഹമ്മദ്) പേരിൽ മാത്രമേ മൗലിദ് രചിക്കപ്പെട്ടിരുന്നുള്ളൂ. എന്നാൽ കഴിഞ്ഞ ഏതാനും

നൂറ്റാണ്ടുകളിൽ പ്രവാചകന്റെ അനുചരന്മാർ, പുണ്യവാളന്മാർ, ജേതാക്കൾ, രക്തസാക്ഷികൾ എന്നിവരുടെ പേരിലും മൗലിദുകൾ വിരചിതമായിട്ടുണ്ട് (കെ.എം. മുഹമ്മദ്, 2012, പു. 114). മൗലിദ് സാഹിത്യത്തെ നാല് ഉപവിഭാഗങ്ങളായി തിരിക്കാം, 1. പ്രവാചകന്റെ പ്രാധാന്യം വിവരിക്കുന്നവ, 2. പ്രവാചകന്റെ ജീവിതത്തെക്കുറിച്ചുള്ളവ, 3. പ്രവാചകന്റെ അനുചരന്മാരെ (സ്വഹാബാക്കൾ) കുറിച്ചുള്ളവ, 4. മറ്റു പ്രമുഖ വ്യക്തികളെ പരാമർശിക്കുന്നവ (കെ.എം. മുഹമ്മദ്, 2012, പു. 117–118). കൂടാതെ മൗലിദ് എന്ന സംജ്ഞയെ രണ്ട് തരത്തിൽ മനസ്സിലാക്കാം; ഒന്ന് ഒരു സാഹിത്യരചന എന്ന നിലയ്ക്ക്, രണ്ടാമത്തേത് മൗലിദ് പാരായണം എന്ന ആചാരം എന്ന നിലയ്ക്കും.

3. മഖ്തൽ (maqtal) എന്ന പേരിലറിയപ്പെട്ട മദ്ഹ്പാട്ട് (eulogy or praising song) വിഭാഗത്തിൽപെട്ട കൃതികൾ രക്തസാക്ഷികൾ, അവരുടെ കുടുംബം, അവരെ പിന്തുണക്കുന്നവർ എന്നിവരുടെ കഥകളെ/ ജീവചരിത്രത്തെ പുകഴ്ത്തിക്കൊണ്ട് രചിക്കപ്പെട്ടവയാണ്.
4. സൂഫി ശൈഖിനെക്കുറിച്ചുള്ള അപദാനങ്ങളും കീർത്തനങ്ങളുമാണ് റാത്തീബ് (ആവർത്തിച്ചു ചൊല്ലുന്നത്) എന്ന പ്രകീർത്തന കൃതിയിലുള്ളത്. സാഹിത്യകൃതി എന്നതിനപ്പുറം റാത്തീബ് എപ്പോഴും ഒരു അനുഷ്ഠാനാവതരണമായാണ് അറിയപ്പെടുന്നത് (നദീറ, 2019, 188).
5. ഇതിനെ പിന്തുടർന്ന് പിന്നീട് പ്രചാരം ലഭിച്ച കേരളത്തിലെ മുജാഹിദ് പ്രസ്ഥാനം (ഇസ്ലാഹി പ്രസ്ഥാനം) പ്രകീർത്തനകൃതികൾ, അവയിലെ അദ്ഭുത കഥകൾ, രോഗ-ചികിത്സയ്ക്കായുള്ള അവയുടെ ബന്ധം എന്നിവയെ നിശിതമായി വിമർശിച്ചവരാണ് (ഉമർ സുല്ലമി, ശബാബ് വാരിക, vol. 45, issue: 31, 04 ജനു. 2021, പു. 9; 25 ഫെബ്രു. 2022; മുസ്തഫ, ശബാബ് വാരിക, vol. 45, issue: 35, P. 26-30, 25 മാർച്ച് 2022).
6. ഇത് പ്രധാനമായും മാപ്പിളമാരുടെ ഇടയിലുള്ള സുന്നി വിഭാഗത്തിന്റെ കാഴ്ചപ്പാടാണ്. ഇതിനെ സാധൂകരിക്കുന്ന പ്രധാന വാദങ്ങളാണ്, ഇത്തരം കൃതികളെ ആത്മീയതയിൽനിന്നും മതപരതയിൽനിന്നും അടർത്തിമാറ്റി ആഘോഷപരതയിൽകൂടി മാത്രം സമീപിക്കുന്നത് അടിസ്ഥാനപരമായി ഏറെ വൈകല്യമുള്ള ഒരു രീതിശാസ്ത്രമാണ് (ഖിളർ, തെളിച്ചം മാസിക, നവം. 2020, പു. 32). മാല, മൗലിദ് തുടങ്ങിയ ഭക്തി സാഹിത്യങ്ങൾ അവയിൽപരാമർശിക്കുന്നവ്യക്തിയുമായി വെറുമൊരു ബന്ധം എന്നതിലുപരി, ഭക്തിയിലധിഷ്ഠിതമായ സ്നേഹത്തേയും ആദരവിനെയും സൃഷ്ടിക്കുന്നുണ്ട് (മുനീർ ഹുദവി, തെളിച്ചം മാസിക, നവം. 2020, പു. 23). പ്രകീർത്തനകൃതികളും അവയുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാന ആഘോഷങ്ങളും ആഗോള മുസ്ലിങ്ങൾക്കിടയിൽ വ്യാപകമാണ് (ഖിളർ, നവം. 2020, പു. 32; മുസ്തഫ ഹുദവി, തെളിച്ചം മാസിക, നവം. 2020, പു. 36; സുഹൈൽ, നവം. 2020, പു. 40). മഹാന്മാരുടെ മാല, മൗലിദുകൾ ഇസ്ലാമിക വിശ്വാസത്തിന്റെ ഭാഗമാണ് (സൈദാലി ഫൈസി, തെളിച്ചം മാസിക, നവം. 2020, പു. 42).
7. തദ്ദേശീയ വിശ്വാസ, ആചാരങ്ങളിൽനിന്നും പുതിയൊരു മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതോടെ തങ്ങളുടെ പൂർവ്വിക വിശ്വാസ, ആചാര, അനുഷ്ഠാനങ്ങളിലെ പലതും പുതിയ മതവിശ്വാസത്തിലും പിന്തുടരുന്നതിനെയാണ് 'ജനകീയ മതം'

(Popular Religion) എന്ന സംജ്ഞകൊണ്ട് അർത്ഥമാക്കിയിട്ടുള്ളത് (Peter Brown, 1981, p. 18-22). ഇരുപതാം നൂറ്റാണ്ടിലെ മതപരിഷ്ക്കരണത്തിനു മുമ്പ്, ഇത്തരത്തിൽ മുസ്ലിങ്ങൾക്കിടയിൽ പൂർവ്വിക മതത്തിലെ ആചാരാനുഷ്ഠാനങ്ങൾ സ്വാംശീകരിച്ച സമന്വയ വിശ്വാസങ്ങളും ആചാരങ്ങളും ഇന്ത്യയിലെല്ലായിടത്തും നിലവിലുണ്ടായിരുന്നു; അവയെ ജനകീയ ഇസ്ലാം, നാടോടി ഇസ്ലാം, സമന്വയ ഇസ്ലാം, ക്ഷയോന്മുഖ ഇസ്ലാം എന്നീ സംജ്ഞകളാലാണ് അറിയപ്പെടുന്നത് (Abdul Razak, 2007, p. 18).

8. സ്പെൻസർ ട്രിമിങ്ഹാമിന്റെ അഭിപ്രായത്തിൽ, സൂഫിസത്തിന്റെ ചരിത്രത്തെ മൂന്ന് ഘട്ടങ്ങളായി തിരിക്കാവുന്നതാണ്. സി ഇ ഒമ്പതാം നൂറ്റാണ്ട് മുതൽ 1100 വരെയുള്ള ഒന്നാം ഘട്ടം ഖാൻഖാഹ് (Khanqah) എന്നും സി ഇ 1100 മുതൽ 1400 വരെയുള്ള രണ്ടാമത്തേതിനെ ത്വരീഖ (Tariqa) എന്നും അതിന് ശേഷമുള്ള കാലഘട്ടത്തെ ത്വൈഫ എന്നും വിളിക്കാവുന്നതാണ്. ത്വൈഫ ഘട്ടത്തിൽ സൂഫിസം ഒരു ജനകീയ പ്രസ്ഥാനമായി മാറി; ത്വരീഖകളുടെ മേൽ പുതിയ അടിത്തറകൾ രൂപപ്പെട്ടു; വിശുദ്ധന്മാരോടുള്ള ആരാധനയെ അടിസ്ഥാനമാക്കി നിരവധി 'സംഘടിത സംഘങ്ങ'ളായോ (Corporations) അല്ലെങ്കിൽ 'മാർഗ്ഗങ്ങളാ'യോ (Orders, Tariqa) ത്വരീഖകൾ വിഭജിക്കപ്പെട്ടു (Spencer Trimingham, 1971, pp. 103-104).

9. Philip K Hitti, 1970, p. 445.; R.B. Serjeant, 1957, p. 8 & Engseng Ho, 2006, pp. 13 & 37-38.

10. a) *366 വക മൗലിദ് കിത്താബ്*, അറബിയിലും, അറബി-മലയാള ലിപിയിലുമായി ആകെ 816 താളുകളുള്ള ഈ ഗ്രന്ഥം അച്ചടിക്കപ്പെട്ട വർഷമോ, സമാഹരിച്ച വ്യക്തികളുടേയോ പേരോ മറ്റ് വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല (തിരൂരങ്ങാടി: നൂറുൽ ഇസ്ലാം പ്രസ്സ്). b) *333 വക മൗലിദ് കിത്താബ്*, അറബിയിലും, അറബി-മലയാള ലിപിയിലുമായി ആകെ 727 താളുകളുള്ള ഈ ഗ്രന്ഥത്തിന്റേയും അച്ചടിക്കപ്പെട്ട വർഷമോ, സമാഹരിച്ച വ്യക്തികളുടേയോ പേരോ മറ്റ് വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല (തിരൂരങ്ങാടി: അഷ്റഫി ബുക്ക് സെന്റർ). സി.എൻ. അഹമ്മദ് മൗലവിയും കെ.കെ. മുഹമ്മദ് അബ്ദുൽ കരീമും പറയുന്നു, ഇവിടെ ഇന്ന് വിൽപനക്ക് വെച്ചിരിക്കുന്ന ഒരു ഗ്രന്ഥത്തിന്റെ പുറംചട്ടയിൽ എഴുതിയിരിക്കുന്നത് '313 മൗലിദുകൾ' എന്നാണ്. മുമ്പ് പറഞ്ഞതുപോലെ പൂർവ്വമഹാത്മാക്കളുടെ അപദാനങ്ങൾ പ്രകീർത്തിക്കുന്നവയാണ് അവ മുഴുവനും. ഇങ്ങനെ മഹാത്മാക്കളോട് അമിതമായ ഭക്തിയും ആദരവും പ്രകടിപ്പിച്ചുകൊണ്ട് ഇത്രയുമധികം ഗദ്യ-പദ്യ കൃതികൾ രചിച്ച മറ്റൊരു ജനത ലോകത്തുണ്ടെന്ന് എനിക്ക് തോന്നുന്നില്ല (അഹമ്മദ് മൗലവി & അബ്ദുൽ കരീം, 1978, പു. 56).

11. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇറാഖിൽ ജീവിച്ചിരുന്ന ശാഫി കർമ്മശാസ്ത്ര പണ്ഡിതനും സൂഫി സരണിയായ റിഫാഇയയുടെ സ്ഥാപകനുമായ അഹമ്മദ് അർ-രിഫാഇയുടെ (c. സി ഇ 1118-1182) പേരിൽ അറബ്-മലയാളത്തിൽ രചിക്കപ്പെട്ട മാലപ്പാട്ടാണ് *രിഫാഇമാല*.

12. സി ഇ 762 ൽ അറേബ്യയിലെ മക്കയിൽ ജനിക്കുകയും പിന്നീട് ഈജിപ്തിലേക്ക് താമസം മാറ്റുകയും സി ഇ 824 ൽ കൈറോയിൽ വെച്ച് മരണമടയുകയും ചെയ്ത പ്രശസ്ത സൂഫി പണ്ഡിതയായിരുന്ന നഫീസത്തുൽ മിസ്രിയ്യയെ കുറിച്ച് അറബി-മലയാളത്തിൽ

രചിക്കപ്പെട്ട മാലപ്പാട്ടാണ് *നഫീസത്ത്മാല*. ഈ കൃതി പിന്നീട് 1905 ൽ നാലകത്തു കുഞ്ഞിമൊയ്തീൻകുട്ടി മുസ്ലിയാർ എന്നവർ പൊന്നാനിയിൽ വെച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, കോടമ്പിയത്ത് കുഞ്ഞിസീതി തങ്ങൾ (1857–1920), പരി മുസ്ലിയാരകത്ത് ബാവ മുസ്ലിയാർ (1910 ൽ) എന്നിവരും ഈ കൃതി പ്രസിദ്ധീകരിച്ചവരാണ് (ഹുസൈൻ, 2006, പു. 276–277).

13. പതിമൂന്നാം നൂറ്റാണ്ടിൽ മൊറോക്കോയിൽ ജീവിച്ചിരുന്ന സൂഫി സന്യാസിയും പിന്നീട് ശാദുലി സരണിക്ക് തുടക്കം കുറിക്കുകയും ചെയ്ത അബുൽ ഹസൻ അശ്-ശാദുലിയെക്കുറിച്ച് (c. സി ഇ 1196–1258) അറബി-മലയാളത്തിൽ രചിക്കപ്പെട്ട മാലപ്പാട്ടാണ് *ശാദുലിമാല*. 1888 ൽ കോഴിക്കോട് അബൂബക്കർ ഖാസി എന്നവർ ഇത് പ്രസ്ദ്ധീകരിച്ചിട്ടുണ്ട്.
14. പോർച്ചുഗീസുകാർക്കെതിരെ യുദ്ധം ചെയ്ത വെളിയംകോട് സ്വദേശിയായ മാനാത്ത് പറമ്പിൽ കുഞ്ഞിമരക്കാർ എന്ന യോദ്ധാവിന്റെ സാഹസിക ജീവിതത്തെക്കുറിച്ച് അജ്ഞാതനായ ഗ്രന്ഥകാരനാൽ രചിക്കപ്പെട്ട കൃതിയാണ് *കോട്ടുപ്പള്ളിമാല* എന്നറിയപ്പെടുന്ന *മാനാത്ത് പറമ്പിൽ കുഞ്ഞിമരക്കാർമാല* (മുജീബുറഹ്മാൻ, 2017, പു. 36).
15. മൈസൂർ ഭരണാധികാരിയായിരുന്ന ടിപ്പുസുൽത്താന്റെ കാലത്ത് മുസ്ലിങ്ങൾക്കുവേണ്ടി പാലക്കാട് വെച്ച് രക്തസാക്ഷിയായ ഖാജാ ഹുസൈൻ എന്നയാളെക്കുറിച്ച് രചിക്കപ്പെട്ട കൃതിയാണ് *മഞ്ഞക്കുളംമാല* എന്ന് പറയപ്പെടുന്നു (റിയാസ് ഫൈസി, ശറഫീ പബ്ലിക്കേഷൻസ്, പു. 95–96).
16. ഡൽഹിയിലും പഞ്ചാബിലുമായി ജീവിച്ചിരുന്ന പ്രശസ്ത സൂഫി ഷൈഖ് ഫരീദ് ഉദ്ദീൻ ഗഞ്ച് ശഖറിനെ (c. സി ഇ 1175–1265) കുറിച്ചുള്ള മാലപ്പാട്ട് ആണ് *ഫരീദ്മാല*.
17. രാജസ്ഥാനിലെ അജ്മീർ കേന്ദ്രമാക്കി ചിസ്തി സൂഫി സരണിക്ക് നേതൃത്വംനൽകിയ സൂഫി ഷൈഖ് മുഈനുദ്ദീൻ ചിസ്തിയെ (മരണം സി ഇ 1236) കുറിച്ചുള്ള മാലപ്പാട്ടാണ് *അജ്മീർമാല*.
18. പതിനാറാം നൂറ്റാണ്ടിന്റെ അവസാനത്തിലും പതിനേഴാം നൂറ്റാണ്ടിന്റെ തുടക്കത്തിലും (Yasser, 2020, pp. 517-539).
19. പൊന്നാനി താലൂക്ക് വടക്കേക്കാട് പുന്നയൂരിൽ താമസിച്ചിരുന്ന വായപ്പുള്ളി മാമുട്ടി മുസ്ലിയാർ 1909 ൽ അറബി-മലയാളത്തിൽ രചിച്ച ഈ മാല പിന്നീട് പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി (മൗലവി, 2017, പു. 12).
20. അതെ പുസ്തകം, പു. 13.
21. മമ്പുറം സയ്യിദ് അലവി തങ്ങളുടെ, കാലഘട്ടം 1752 മുതൽ 1845-വരെയാണ്. അദ്ദേഹത്തെക്കുറിച്ച് 1877-ൽ മുഹമ്മദ് ഹാജി എന്നവർ രചിച്ച മാലപ്പാട്ടാണ് *മമ്പുറംമാല*.
22. കെ.വി. മുഹമ്മദ് മുസ്ലിയാർ പന്താവൂർ, (വർഷം ലഭ്യമല്ല). *അജ്മീർ ഫക്കീർ ബീരാൻ ഔലിയപ്പാപ്പ*. ലുക്ക്മാനിയ ബുക്ക് സെന്റർ, തൃശ്ശൂർ.
23. വി.എം.എം. കുട്ടി. *മുനമ്പം ബീവി അദ്ഭുത കറാമത്ത്*. പുതുപൊന്നാനി. (കൃതിയുടെ പ്രസാധകർ, പ്രസിദ്ധീകരിച്ച വർഷം എന്നിവ ലഭ്യമല്ല).

24. മുത്തുക്കോയ തങ്ങൾ. (വർഷം ലഭ്യമല്ല). *പുത്തൻപള്ളി കുഞ്ഞഹമ്മദ് മുസ്ല്യാർ ജീവചരിത്രം*. നൂറുൽ ഇസ്ലാം പ്രസ്സ്, തിരൂരങ്ങാടി, പു. 30–39.

**ഗ്രന്ഥസൂചി:**


Abdul Razak, P.P. (2007). *Colonialism and Community Formation in Malabar: A Study of Muslims of Malabar*. [Unpublished doctoral dissertation]. University of Calicut.

Ashton, Gail. (2000). *The Generation of Identity in Late Medieval Hagiography*. Routledge, London.

Carlyle, Thomas. (1908). *On Heroes, Hero Worship and the Heroic in History*. JM Dent & Sons, London.

Cornish, W.R. (1871). *Cholera in South India: A Record: the Progress of Cholera in 1870*. Madras Government Gazetteer Press, 1871; Correspondence Files, C/170, Regional Archives Kozhikode.

Correa, Gasper. (1869). *The Three Voyages of Vasco de Gama and his Viceroyalty from the Lands of India* (H.E.J. Stanley, Trans.). Hakluyt Society. (Original work published in 1550).

Delehaye, Hippolyte. (1962). *The Legends of the Saints* (Donald Attawater, Trans.). Fordham university Press, New York.

Dijkstra, Jitse., & Van Dijk, Mathilde. (Eds.). (2006). *Egyptian Hagiography and the Medieval West*. Brill, Leiden.

Head, Thomas. (1990). *Hagiography and the Cult of Saints*. Cambridge University Press.

Hitti, Philip K. (1970). *History of the Arabs: From the Earliest Times to the Present*. Macmillan, London. First published in 1937.

Ho, Engseng. (2006). *The Graves of Tarim: Genealogy and Mobility across the Indian Ocean*. University of California Press.

Innes, C.A. (1951). *Malabar Gazetteer*, (F.B. Evans, ed.). Madras Government Press. Fist published in 1908.

Logan, William. (1951). *Malabar Manual*, vol 2. Government Press, Madras. First published in 1887.

Marwick, Arthur. (1989). *The Nature of History*. Macmillan, London. First published in 1970.

Meri, Josef W. (2002). *The Cult of Saints Among Muslims and Jews in Medieval Syria*. Oxford University Press.

Morris Augustine, Jonathan. (2005). *Buddhist Hagiography in Early Japan*. Routledge Curzon, London.

Palmer, James T. (2018). *Early Medieval Hagiography*. ARC Humanities Press, Leeds.

Randathani, Hussain. (2018). *Muslims of Malabar Society and Politics (1800-1921)*. B.R.Publishing Corporation, Delhi.

Renard, John. (2005). *Historical Dictionary of Sufism*. The Scarecrow Press, Maryland.

Rigo, Antonio. (Ed.). (2018). *Byzantine Hagiography: Texts, Themes and Projects*. Brepols Publishers, Turnhour.

Serjeant, R.B. (1957). *The Saiyids of Hadramawt*. University of London.

Yasser Arafath, P. (2011). *History of Medicine and Hygiene in Medieval Kerala 14th -16th Centuries*. [Unpublished Doctoral Dissertaion]. University of Hyderabad.

Yasser Arafath, P.K. (2020). Polyglossic Malabar: Arabi-Malayalam and Muhiyuddinmala in the Age of Transition (1600s-1750s). *Journal of the Royal Asiatic Socity* (JRAS), Series 3, 30, 3, 517-539.

*333 വക മൗലീദ് കിത്താബ്,* അഷ്റഫി ബുക്ക് സെന്റർ, തിരൂരങ്ങാടി.

*366 വക മൗലീദ് കിത്താബ്*, നൂറുൽ ഇസ്ലാം പ്രസ്സ്, തിരൂരങ്ങാടി.

അബ്ദുൽകരീം ദാരിമി കിഴിശ്ശേരി, കെ.സി. (2016). *ശൈഖ് ശംസുദ്ദീൻ മുഹമ്മദ്ബ്നു അലാവുദ്ദീനിൽ ഹിംസി.* ശിഫാ ബുക്ക്സ്.

അബു, ഒ. (1970). *അറബിമലയാള സാഹിത്യചരിത്രം.* സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

അഹമദ് എന്ന ബാവ മുസ്ലിയാർ, കൊങ്ങണംവീട്ടിൽ. (1890). *സർവരോഗ ചികിത്സാസാരം.* പൊന്നാനി.

അഹമ്മദ് മൗലവി, സി.എൻ. & മുഹമ്മദ് അബ്ദുൽ കരീം, കെ.കെ. (1978). *മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം.* ആസാദ് ബുക്ക് സ്റ്റാൾ, കോഴിക്കോട്.

കുഞ്ഞിപ്പോക്കർ, എം.കെ. (1935). *വസൂരി ചികിത്സാ കീർത്തനം.* മിസ്ബാഹുൽ ഹുദാ പ്രസ്സ്, തിരൂരങ്ങാടി.

കുട്ടി, വി.എം.എം. (വർഷം ലഭ്യമല്ല). *മുനമ്പം ബീവി അത്ഭുത കറാമത്ത്.* പുതു പൊന്നാനി.ുക്ക്സ്റ്റാൾ, കോഴിക്കോട്.

തങ്ങൾ, മുത്തുക്കോയ. (വർഷം ലഭ്യമല്ല). *പുത്തൻപള്ളി കുഞ്ഞഹമ്മദ് മുസ്ല്യാർ ജീവചരിത്രം.* നൂറുൽ ഇസ്ലാം പ്രസ്സ്, തിരൂരങ്ങാടി.

നിസാർ, എം. (2017). മനാഖിബ്: പ്രാദേശിക ജീവിതത്തിന്റെ വരമൊഴിയടയാളങ്ങൾ. മൻസൂറലി ടി. (എഡി.), *അറബി-മലയാള സാഹിത്യ പഠനങ്ങൾ*, വചനം ബുക്ക്സ്, കോഴിക്കോട്.

നെടിയനാട്, ഹസൻ. (2012). *മാപ്പിളപ്പാട്ടിന്റെ വേരുകൾ തേടി.* വചനം ബുക്ക്സ്, കോഴിക്കോട്.

പന്താവൂർ, കെ.വി.എം. (2013). *ബീമാപള്ളി ദർഗാശരീഫ് ചരിത്രം.* അഷ് റഫി ബുക്ക് സെന്റർ, തിരൂരങ്ങാടി.

ബീരാൻകുട്ടി വൈദ്യർ, പാറപ്പുറത്ത് ഇല്ലത്ത്. (1897). *വിഷൂചികാ ചികിത്സാ അഷ്ടാംഗഹൃദയം.* മഹക്കുൽ അറായിബ് പ്രസ്സ്, പൊന്നാനി.

മധുവായ്, ഉമർ. (2018). *കൊണ്ടോട്ടി തങ്ങൾ.* കൊണ്ടോട്ടി കുബ്ബ-തകിയ്യ ചാരിറ്റബിൾ ട്രസ്റ്റ്.

മൻസൂറലി, ടി. (2017). അറബി-മലയാളം: ചരിത്രവും സാഹിത്യവും. മൻസൂറലി ടി. (എഡി.), *അറബി-മലയാള സാഹിത്യ പഠനങ്ങൾ*, വചനം ബുക്ക്സ്, കോഴിക്കോട്.

മലബാരി. (1970). *മഞ്ഞക്കുളം മാല.* ആമിന പ്രിന്റേഴ്സ്, തൃശ്ശൂർ.

മലയമ്മ, മോയിൻ ഹുദവി & പനങ്ങാങ്ങര, മഹ്മൂദ് ഹുദവി. (2008). *മമ്പുറം തങ്ങൾ: ജീവിതം ആത്മീയത പോരാട്ടം.* അസാസ് ബുക്ക് സെൽ, ചെമ്മാട്.

മുജീബുറഹ്മാൻ, എം.പി. (2017). അധിനിവേശവിരുദ്ധ സാഹിത്യം അറബിയിലും അറബിമലയാളത്തിലും. മൻസൂറലി ടി. (എഡി.), *അറബി-മലയാള സാഹിത്യ പഠനങ്ങൾ*, വചനം ബുക്ക്സ്, കോഴിക്കോട്.

മുഹമ്മദ്, കെ.എം. (2012). *അറബി സാഹിത്യത്തിന് കേരളത്തിന്റെ സംഭാവന.* അഷ്റഫി ബുക് സെന്റർ, തിരൂരങ്ങാടി.

മുഹമ്മദ് മുസ്ലിയാർ പന്താവൂർ, കെ.വി. (വർഷം ലഭ്യമല്ല). *അജ്മീർ ഫക്കീർ ബീരാൻ ഔലിയപ്പാപ്പ*. ലുക്ക്മാനിയ ബുക്ക് സെന്റർ, തൃശ്ശൂർ.

മൗലവി, ഹാജി എം.എം. (2017). *തെരുവത്ത് പള്ളി ശൈഖ് മുഹമ്മദ് മാലയും പരിഭാഷയും*. തെരുവത്ത്പള്ളി മഖാം കമ്മിറ്റി, പാലക്കാട്.

രണ്ടത്താണി, ഹുസ്സൈൻ. (2006). *മഖ്ദൂമും പൊന്നാനിയും*. പൊന്നാനി ജുമുഅത്ത് പള്ളി പരിപാലന കമ്മിറ്റി.

വെള്ളില, റിയാസ് ഫൈസി. (2016). *മമ്പുറം തങ്ങളുടെ 100 കറാമത്തുകൾ*. അഷ്റഫി ബുക്ക് സെന്റർ, തിരൂരങ്ങാടി.

വെള്ളില, റിയാസ് ഫൈസി. *മഹാന്മാരുടെ 100 മഖ്ബറകൾ*. ശറഫീ പബ്ലിക്കേഷൻസ്, കൊടുവള്ളി.

സങ്കാലിയ, എച്ച്.ഡി. (2018). *രാമായണ പഠനങ്ങൾ* (മൈത്രേയൻ, വിവ.). ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

**ഷമീറലി മങ്കട**

ഗവേഷണ വിദ്യാർഥി, ചരിത്രപഠന വിഭാഗം

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

വാക്കാട്, തിരൂർ, മലപ്പുറം ജില്ല

പിൻ: 676502

ഫോൺ: +91 9745576957

Email: shameeralimankada@gmail.com

ORCID: 0000-0002-3056-5243